# The Student Teacher

## ITE MAGAZINE
## 2017

INSPIRE THE LEARNER

GOVT. INSTITUTE OF
TEACHER EDUCATION (W)
Palakkad
Kumarapuram, Ambikapuram P.O., 678011
Email: gttiwpalakkad@gmail.com
website: www.govtitepalakkad.com

INSPIRE THE LEARNER



**ചീഫ് എഡിറ്റർ**
**ശ്രീമതി. സി.കെ.കനകമണി** (പ്രിൻസിപ്പാൾ)

**സ്റ്റാഫ് എഡിറ്റർ**
**ഇ.സി.മോഹനൻ** (ടീച്ചർ എഡ്യുക്കേറ്റർ)

**എഡിറ്റോറിയൽ ബോർഡ്**
**ശ്രീ. ബി.സോമസുന്ദരൻ** (ടീച്ചർ എഡ്യുക്കേറ്റർ)
**ശ്രീമതി. ജയലക്ഷ്മി.ടി.കെ.** (ടീച്ചർ എഡ്യുക്കേറ്റർ)

**സ്റ്റുഡന്റ് എഡിറ്റേഴ്സ്**

| | | |
|---|---|---|
| അഞ്ജലി.എ.എം. | – | II D.Ed. |
| ഷബാന | – | II D.Ed. |
| പ്രജിത.ആർ | – | I D.Ed. |
| സിനിമോൾ.കെ. | – | I D.Ed. |
| ഷെറിൻ.ടി.ബി. | – | I D.Ed. |
| ദിവ്യ വർമ്മ | – | II D.Ed. |

**മുഖചിത്രം & ലേഔട്ട് – Kishan Copy Centre**

INSPIRE THE LEARNER



# എഡിറ്റേഴ്സ് നോട്ട്

2016-17 വർഷം സമാപിക്കുമ്പോൾ പാലക്കാട് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യുക്കേഷന്റെ നേതൃത്വത്തിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. അധ്യാപക വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്ന മുഖ്യലക്ഷ്യത്തോടൊപ്പം ഞങ്ങൾ ഒരു വർഷക്കാലം എന്തുചെയ്തു എന്ന് പൊതുസമൂഹത്തിന്റെ അറിവിലേക്കായി അവതരിപ്പിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ട്. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പരമാവധി രചനകളും റിപ്പോർട്ടുകളും ചിത്രങ്ങളും ഈ മാഗസിനിൽ ഉൾക്കൊള്ളിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. പ്രിന്റഡ് മാഗസിനായും ഇ-മാഗസിനായും ഇവിടെ പ്രസിദ്ധീകരിക്കുകയാണ്. വിലയിരുത്തലിന് വിധേയമാക്കണമെന്നും തുടർന്നും ഉപദേശങ്ങളും നിർദ്ദേശങ്ങളും തന്ന് പ്രോത്സാഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇതിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**ഇ.സി.മോഹനൻ**
എഡിറ്റർ

# Message



ഇടവേളകൾ സർഗനിമിഷങ്ങളാക്കി പാലക്കാട് കുമരപുരം ഐ.ടി. ഇ.ലെ കൂട്ടുകാർ ഒരുക്കുന്ന സർഗമാസികയ്ക്ക് ആശംസകൾ നേരുന്നു.

**ഡോ. രാമചന്ദ്രൻ**
PSTE ലക്ചറർ, ഡയറ്റ് പാലക്കാട്

അധ്യാപനരംഗത്ത് മികച്ചു നിൽക്കുന്ന ഗവ. ഐ.ടി.ഇ.യിലെ വിവിധ പരിപാടികളും വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മകരചനകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മാഗസിൻ തയ്യാറാക്കുന്ന വിവരം അറിയുകയുണ്ടായി. ഇതിലേയ്ക്ക് പി.ടി.എ. കമ്മിറ്റിയുടെ എല്ലാവിധ ആശംസകളും നേരുന്നു.



**രമേശൻ.എ.എം**
**പി.ടി.എ. പ്രസിഡന്റ്**
ഗവ. ഐ.ടി.ഇ. പാലക്കാട്

1923-ൽ തുടങ്ങി ഒരുപാട് പ്രഗത്ഭരായ അദ്ധ്യാപകർക്ക് ജന്മം നൽകിയ പ്രശംസ അർഹിക്കുന്ന ഈ സ്ഥാപനം ഇന്ന് ഉന്നതിയിലെത്തി നിൽക്കുന്നു. ഇനിയും അങ്ങനെതന്നെയാവട്ടെ... ഈ വർഷത്തെ മാഗസിനും അതിനുവേണ്ടി പ്രവർത്തിച്ചവരേയും അഭിനന്ദിക്കുന്നു. ആശംസകളോടെ....



**കനകമണി.സി.കെ.**
ഹെഡ്മിസ്ട്രസ്
ജി.ടി.ടി.ഐ. (വ്യുമൺ)
പാലക്കാട്

INSPIRE THE LEARNER

# ഉള്ളടക്കം


| ക്രമ നമ്പർ | വിഭവം | തയ്യാറാക്കിയത് | | | പേജ് നമ്പർ |
|---|---|---|---|---|---|
| 1. | പ്രവർത്തനറിപ്പോർട്ട് 2016-17 | റിപ്പോർട്ട് | പ്രിൻസിപ്പാൾ & സ്റ്റാഫ് | | |
| 2. | ഒരു മാറ്റം അനിവാര്യം | ലേഖനം | ഇ.സി.മോഹനൻ ടീച്ചർ എഡ്യുക്കേറ്റർ | | |
| 3. | ഞങ്ങളുടെ ഐ.ടി.ഇ. | റിപ്പോർട്ട് | ദീപിക.ബി. | I D.Ed. | |
| 4. | വായനയെ തൊട്ടറിഞ്ഞൊരു വായനാവാരം | റിപ്പോർട്ട് | അഞ്ജലി | II D.Ed. | |
| 5. | എന്നും ഏകയായ്.... | കവിത | പ്രജിത.ആർ. | I D.Ed. | |
| 6. | ചുവടുവയ്പ്പ് | വിവരണം | പ്രീത.എ. | II D.Ed. | |
| 7. | നല്ല തുടക്കമാണ് അസംബ്ലി | റിപ്പോർട്ട് | ശ്രീമതി.കെ.കെ. | II D.Ed. | |
| 8. | മഴ... | കവിത | അജ്ഞനഗോപി | I D.Ed. | |
| 9. | ഐ.ടി.ഇ. പാർലമെന്റ് - ഒരു ജനാധിപത്യവേദി | റിപ്പോർട്ട് | നസ്രിയ.കെ. | II D.Ed. | |
| 10. | പാലറിവുതേടി മിൽമയിലേക്ക് | ഫീൽഡ്ട്രിപ്പ് | ഷബാന.ടി.പി. | II D.Ed. | |
| 11. | ഇന്റേൺഷിപ്പ് പ്രവൃത്തിപരിചയത്തിൽ | അനുഭവം | ഫായിസ.പി.എം. | I D.Ed. | |
| 12. | എന്റെ കലാലയം | കവിത | ദീപിക.ബി. | I D.Ed. | |
| 13. | The Lost Jumbo | കഥ | ഷിഫ.ഇ. | I D.Ed. | |
| 14. | ഇന്റേൺഷിപ്പും ഞാനും | അനുഭവം | ദിവ്യാവർമ്മ | II D.Ed. | |
| 15. | English Fest - 2016 | റിപ്പോർട്ട് | റോഷ്ണി.ബി. | II D.Ed. | |
| 16. | കുട്ടികളുടെ കഴിവുകളിൽ നിറഞ്ഞു തുളുമ്പുന്ന മേപ്പറമ്പ് സ്കൂൾ | റിവ്യൂ | അഞ്ജിത.വി.ജി. | I D.Ed. | |
| 17. | തീരാദു:ഖം | കവിത | ഹസ്ന.ഐ. | II D.Ed. | |
| 18. | Learning Through Action Research | റിപ്പോർട്ട് | സരിത.പി.എം. | II D.Ed. | |
| 19. | അമ്പിളിയെചെന്ന് തൊട്ടപ്പോൾ | വിവരണം | രശ്മി.എം. | I D.Ed. | |
| 20. | കാത്തിരിപ്പ് | കവിത | സിനിമോൾ.കെ. | I D.Ed. | |

| | | | | |
|---|---|---|---|---|
| 21. | ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ | കഥ | രമ്യാരാജീവ് | I D.Ed. |
| 22. | ചരിത്രസ്മരണയുണർത്തിയ സ്വാതന്ത്ര്യദിനാചരണം | റിപ്പോർട്ട് | ഷെറീന.എസ്. | II D.Ed. |
| 23. | മഴപെയ്തൊഴിഞ്ഞ നേരം | കഥ | നിഷമോൾ.കെ.കെ. | I D.Ed. |
| 24. | രാമാനുജനെയോർത്ത് ഗണിതമേള | റിപ്പോർട്ട് | സുൽഫത്ത്.ടി.എസ്. | II D.Ed. |
| 25. | കാത്തിരിപ്പ്, വീണ്ടും ഒരു വസന്തകാലത്തിനായ് | അവലോകനം | ആതിര.എം. | II D.Ed. |
| 26. | നടയടിയോർമിപ്പിച്ച വെൽക്കം ഡേ.... | റിപ്പോർട്ട് | ജസ്ന.ജെ. | I D.Ed. |
| 27. | കൊതിയൂറും നാടൻരുചികൾ | റിപ്പോർട്ട് | ബസരിയ.പി.എം. | I D.Ed. |
| 28. | വിശ്വദീപം | കവിത | ഷിജി.വി. | I D.Ed. |
| 29. | When I waiting for... | Poem | Sunila. P.E. | I D.Ed. |
| 30. | മതസൗഹാർദ്ദത്തിൽ ഒരു ക്രിസ്മസ് | അനുഭവം | ഷിനി.എം. | I D.Ed. |
| 31. | നിന്നെ ഓർക്കുന്ന നേരം... | കവിത | സുനില.പി.ഇ. | I D.Ed. |
| 32. | വിദ്യാഭ്യാസം, വിദ്യാലയം, അധ്യാപനം കേരളത്തിൽ | ലേഖനം | ആതിര.കെ. | II D.Ed. |
| 33. | യുദ്ധത്തിനെതിരെ ഒരു യുദ്ധവിരുദ്ധദിനം കൂടി | റിപ്പോർട്ട് | അക്ഷയ.എസ് | I D.Ed. |
| 34. | സർഗാത്മക പ്രകടനത്തിനൊരു കലോത്സവം | റിപ്പോർട്ട് | ശരണ്യ.ഇ.എസ്. | II D.Ed. |
| 35. | സ്പെഷ്യൽ എഡ്യുക്കേഷൻ- ശ്രവണ സംസാര വിദ്യാലയത്തിൽ | യാത്ര | അഞ്ജന | II D.Ed. |
| 36. | കണക്കിന്റെ കളി | ലേഖനം | സോണിയ.കെ. | II D.Ed. |
| 37. | നാട്ടുരുചി | റിപ്പോർട്ട് | രശ്മി | II D.Ed. |
| 38. | മാവേലി തമ്പുരാനെ വരവേറ്റ് ഒരു ഓണാഘോഷം | അനുഭവം | പ്രജിത.ആർ. | II D.Ed. |
| 39. | അധ്യാപനം ഒരു കലയാണ് | ലേഖനം | സോണിയ.സി. | II D.Ed. |
| 40. | ചിത്രങ്ങൾ... | അഞ്ജനഗോപി, റോഷ്നി.ബി, അക്ഷയ.എസ്, ഐശ്യര്യ.എസ്, ബിനി ജേക്കബ്, പ്രജിത.ആർ. | | |

INSPIRE THE LEARNER

# 2016–17 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

1923-ൽ പ്രവർത്തനം ആരംഭിച്ച ഗവൺമെന്റ് ബേസിക് ട്രെയിനിംഗ് സ്കൂളാണ് പിന്നീട് GTTI (വനിത) ആയും ഗവൺമെന്റ് ഐ.ടി.ഇ. (വനിത), പാലക്കാട് ആയും രൂപാന്തരം പ്രാപിച്ചത്. ജില്ലയിലെ പഴക്കംചെന്ന ഐ.ടി.ഇ.കളിൽ ഒന്നാണിത്. നിരവധി പ്രഗത്ഭരായ അധ്യാപികമാരെ സൃഷ്ടിക്കുവാൻ ഈ സ്ഥാപനത്തിലെ പരിശീലനം സഹായകമായിട്ടുണ്ട്. ഇപ്പോൾ രണ്ടു ബാച്ചുകളിലായി 46 കുട്ടികൾ പഠനം തുടരുന്നു.

## അഡ്മിഷൻ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ വഴി മെറിറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 33 വനിതകൾക്കാണ് പ്രവേശനം. റിസർവേഷൻ പാലിച്ചുകൊണ്ട് 33 പേർക്ക് പ്രവേശനം ലഭിച്ചുവെങ്കിലും ഏതാനും പേർ സ്ഥലമാറ്റം മൂലവും പഠനം അവസാനിപ്പിച്ചതു കാരണം ഇപ്പോൾ 25 പേരാണ് ഒന്നാംവർഷത്തിൽ പഠിക്കുന്നത്. രണ്ടാംവർഷത്തിൽ 21 പേരും പഠനം പൂർത്തിയാക്കി. D.Ed. പ്രവേശനത്തോടനുബന്ധിച്ച് പ്രവേശനോത്സവം എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നു.

## വിജയോത്സവം 2016

സ്ഥാപനത്തിൽനിന്നും കഴിഞ്ഞ വർഷം നല്ല നിലയിൽ വിജയിച്ചവർക്ക് ക്യാഷ് അവാർഡടക്കം നൽകിക്കൊണ്ട് അധ്യാപക-വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ ചേർന്ന് സംഘടിപ്പിച്ചു.

## ആഘോഷങ്ങൾ

ഓണാഘോഷം, ക്രിസ്തുമസ് ആഘോഷം, റംസാൻ ആഘോഷം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം, ഗാന്ധിജയന്തി, പുതുവത്സരദിനം തുടങ്ങിയവ ഉത്സാഹപൂർവ്വം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു.

## ദിനാചരണങ്ങൾ

വായനാവാരം, പരിസരദിനം, യുദ്ധവിരുദ്ധദിനം, കവികളുടെ ജന്മദിനം, ഗണിതശാസ്ത്രജ്ഞരുടെ ദിനങ്ങൾ, ശാസ്ത്രദിനം തുടങ്ങിയ മിക്ക ദിനാഘോഷങ്ങളുടേയും ഭാഗമായി വിവിധ പരിപാടികൾ സ്ഥാപനത്തിൽ സംഘടിപ്പിച്ചു വരുന്നു.

## വിവിധ ക്ലബ്ബുകൾ

ഐ.ടി.ഇ. കരിക്കുലത്തിന്റെ ഭാഗമായി ഭാഷ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, സാമൂഹ്യശാസ്ത്ര ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ്, ഗണിതക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകൾ എല്ലാ വർഷവും രൂപീകരിച്ച് ബന്ധപ്പെട്ട ദിനാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ഫീൽഡ് ട്രിപ്പുകൾ / അഭിമുഖങ്ങൾ

യാക്കര ശ്രവണ സംസാര സ്കൂൾ, കല്ലേപ്പുള്ളി മിൽമ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ നടത്തുകയും വിവിധ പ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുകയും ചെയ്തു.

## ഐ.ടി.ഇ. പാർലമെന്റ്

ഒരു ജനാധിപത്യവേദി എന്ന നിലയിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള വേദിയായും നേതൃത്വ പരിശീലനമടക്കം ലഭ്യമാകുന്നതിനായി സജീവമായി പാർലമെന്റ് പ്രവർത്തിക്കുന്നു. സ്ഥാപനത്തിലെ പൊതു പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ നേതൃത്വം നൽകുന്നു.

## സമൂഹ – സമ്പർക്ക – സഹവാസ ക്യാമ്പ്

കരിക്കുലത്തിന്റെ ഭാഗമായി രണ്ടാവർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതിനു മുമ്പായി ഏപ്രിൽ-മെയ് മാസങ്ങളിലായി 15 ദിവസത്തെ സഹവാസക്യാമ്പ് വിവിധ കാര്യപരിപാടികളോടെ സംഘടിപ്പിച്ചു.

INSPIRE THE LEARNER

## കലാ – കായിക മത്സരങ്ങൾ

അധ്യാപക കലോത്സവം, വിവിധ സാഹിത്യമത്സരങ്ങൾ, ആർട്സ് ഡേ, ഇന്റോർ-ഔട്ട് ഡോർ ഗെയിംസ് സംഘടിപ്പിച്ചു.

## അധ്യാപകദിനാഘോഷം

ഈ വർഷത്തെ അധ്യാപകദിനാഘോഷം മുൻകാല അധ്യാപകരെ ആദരിച്ചുകൊണ്ട് സംഘടിപ്പിച്ചത് പുതിയ അനുഭവമായി.

## നാടൻ ഭക്ഷ്യമേള

നാട്ടിൻപുറങ്ങളിലെ നാടൻവിഭവങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള നാടൻ ഭഷ്യമേള നടത്തി.

## ഗണിതമേള, ഇംഗ്ലീഷ് ഫെസ്റ്റ്

ഗണിത ഉപകരണങ്ങളുടെ പ്രദർശനം, ഗണിത പസിലുകൾ, ഗണിതകളികൾ ഉൾപ്പെടുത്തിക്കൊണ്ട് ഗണിതമേളയും ഇംഗ്ലീഷ് ഭാഷാപ്രകടനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഇംഗ്ലീഷ് ഫെസ്റ്റും സംഘടിപ്പിച്ചു.

## പഠനയാത്ര; ഇന്റേൺഷിപ്പ്

ഈ വർഷത്തെ പഠനയാത്ര മൂന്നു ദിവസങ്ങളായി ജനുവരി 6, 7, 8 തിയ്യതികളിൽ കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലേയ്ക്ക് സംഘടിപ്പിച്ചു. കരിക്കുലം നിർദ്ദേശിക്കുന്നവിധം $S_2$ കാർക്ക് 20 ദിവസവും $S_4$ന് 25 ദിവസവും നീണ്ട ഇന്റേൺഷിപ്പ് നഗരത്തിലെ 10 വിദ്യാലയങ്ങളിലായി സംഘടിപ്പിച്ചു.

## കൗൺസിലിംഗ് ക്ലാസ്സുകൾ

സ്ത്രീകളും കുട്ടികളും നേരിടുന്ന വിവിധ പ്രശ്നങ്ങളിലൂന്നി വനിത ഡോക്ടറുടെ കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസ്സുകൾ ഉണ്ടായിരുന്നു.

## അടിസ്ഥാനസൗകര്യ വികസനം

ഗവൺമെന്റിൽനിന്നും ലഭിച്ച നാലുലക്ഷംരൂപയുടെ സാമ്പത്തികസഹായം ഉപയോഗപ്പെടുത്തി ടോയ്ലറ്റ്, ബാത്ത്റൂം, കിച്ചൺ എന്നിവ നവീകരിച്ചു. 20 ലക്ഷം രൂപ ചെലവഴിച്ച് രണ്ടു ക്ലാസ്സുമുറികളുടെ പണി പൂർത്തിയാക്കിവരുന്നു. കൂടാതെ, ശാസ്ത്ര-ഗണിത-സാമൂഹ്യശാസ്ത്ര ലബോറട്ടറികൾ, കമ്പ്യൂട്ടർലാബ്, ലൈബ്രറി എന്നിവ പുതിയ കൂട്ടിച്ചേർക്കലുകളോടെ വിപുലപ്പെടുത്തി.

## വെബ്സൈറ്റ് ആരംഭിച്ചു

വിവിധ പ്രവർത്തനങ്ങളുടെ ആശയ വിനിമയത്തിനായി സ്ഥാപനത്തിന്റെ വെബ്സൈറ്റ് govtitepalakkad എന്ന പേരിൽ ആരംഭിച്ചു.

## യാത്രയയപ്പ് സമ്മേളനം

ഈ വർഷം ($S_4$) സ്ഥാപനത്തിൽനിന്നും കോഴ്സ് പൂർത്തിയാക്കി പോകുന്നവർക്ക് യാത്രയയപ്പ് വിപുലമായ രീതിയിൽ 2017 മാർച്ച് 30ന് സംഘടിപ്പിച്ചു.

കൂടാതെ, ഗാർഡനിംഗ്, പച്ചക്കറി കൃഷി, തയ്യൽ പരിശീലനം, കായിക പരിശീലനം തുടങ്ങിയവയും സ്ഥാപനത്തിൽ നടന്നുവരുന്നു. എല്ലാ കാര്യങ്ങളിലും അധ്യാപകരും അധ്യാപക വിദ്യാർത്ഥികളും രക്ഷിതാക്കളും ചേർന്ന കൂട്ടായ പ്രവർത്തനമാണ് നടക്കുന്നത്. എല്ലാവരുടേയും പരിഗണനയ്ക്കായി വളരെ ചുരുക്കി തയ്യാറാക്കിയ റിപ്പോർട്ട് സമർപ്പിക്കുന്നു

**സ്റ്റാഫ് & പി.ടി.എ.**
ഗവ. ഐ.ടി.ഇ.
പാലക്കാട്

# ഒരു മാറ്റം അനിവാര്യം

**ഇ.സി.മോഹനൻ**
ടീച്ചർ എഡ്യുക്കേറ്റർ
ഗവ. ഐ.ടി.ഇ. പാലക്കാട്



സമസ്ഥ മേഖലകളും മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ചുറ്റുപാടും നിരീക്ഷിക്കൂ... കെട്ടിടങ്ങൾ മാറി, വീടുകൾമാറി, വീട്ടുപകരണങ്ങൾ മാറി, റോഡുകൾ മാറി, വാഹനങ്ങൾ മാറി... വിദ്യാലയങ്ങൾ മാറി, അധ്യാപകർ മാറി, കുട്ടികളും മാറി, സാങ്കേതികവിദ്യകളും മാറി... പക്ഷെ ചില വിദ്യാലയങ്ങൾ, ക്ലാസ്സുമുറികൾ, അധ്യാപകർ, പഠിപ്പിക്കൽ രീതികൾ മാത്രം മാറിയില്ല, ചിലർക്ക് മാറ്റം അനിവാര്യമാണെന്ന് തോന്നിത്തുടങ്ങിയിട്ടുണ്ട്. ജീവിതരീതിയിലും മനോഭാവത്തിലും വന്ന മാറ്റങ്ങൾക്കനുസരിച്ച് പൊതുവിദ്യാലയങ്ങളിൽനിന്നും കുട്ടികൾ ചോർന്നുപോയിക്കൊണ്ടിരിക്കുന്നു. അധ്യാപക ജോലിയിലെ സുരക്ഷിതത്വവും നഷ്ടമായിക്കൊണ്ടിരിക്കുന്നു. പൊതുവിദ്യാലയങ്ങൾ ആകർഷകമാക്കി മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തിയെങ്കിൽ മാത്രമേ നഷ്ടപ്പെടുന്ന വിശ്വാസം വീണ്ടെടുക്കാനും ഉള്ള അധ്യാപകരെ സംരക്ഷിക്കാനും ഓരോ വർഷവും പഠിച്ചു പുറത്തിറങ്ങുന്ന അധ്യാപക വിദ്യാർത്ഥികൾക്ക് പുതിയ ഇടങ്ങൾ ലഭ്യമാക്കുന്നതിനും കഴിയൂ. എന്താണ് അതിനുപായം? ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി മികച്ച പഠനസാഹചര്യങ്ങൾ സൃഷ്ടിക്കുകയും മികച്ച പഠനനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതുതന്നെ! ഇത് ഉറപ്പുവരുത്താൻ സർക്കാരിന്റേയും അധ്യാപകരുടേയും സമൂഹത്തിന്റേയും കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. ഇതിനുള്ള ഒരു ശ്രമമാണ് കേരള സർക്കാർ ഈ വർഷം മുതൽ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. 2016-17 വർഷത്തെ ബഡ്ജറ്റിൽ വിദ്യാഭ്യാസ മേഖലയ്ക്ക് നീക്കിവെച്ചിട്ടുള്ള വിഹിതം അതിന്റെ പ്രതിഫലനമാണ്. പരിശോധിക്കൂ. സർക്കാർ തയ്യാറാണ് എന്ന പ്രഖ്യാപനമാണിത്.

- 45,000 ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിന് – 500 കോടി (2018ൽ പൂർത്തിയാകും)
- ഒരു മണ്ഡലത്തിൽ ഒന്നുവീതം മാതൃകാ വിദ്യാലയം – 1000 കോടി
- പ്രൈമറി വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങളുടെ വികസനത്തിന് – 216 കോടി
- 500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന (സർക്കാർ) വിദ്യാലയങ്ങളുടെ വികസനത്തിന് – 500 കോടി
- കലാ-കായിക മേളകൾക്ക് – 52 കോടി
- IT@school പ്രവർത്തനത്തിന് – 32 കോടി
- ഉച്ചഭക്ഷണത്തിന് (കേന്ദ്രവിഹിതമടക്കം) – 640 കോടി
- എയ്ഡഡ് വിദ്യാലയ വികസനത്തിന് – 50 കോടി
- എസ്.എസ്.എ.ക്ക് – 864 കോടി
- ആർ.എം.എസ്.എ.ക്ക് – 268 കോടി
- അധ്യാപകർക്ക് ഗസ്റ്റ് വേതനം – 78 കോടി
- തൊഴിൽ നൈപുണി വികസനം – 430 കോടി
- വിദ്യാലയം ഒരു പാഠപുസ്തകം – എന്ന ലക്ഷ്യത്തിൽ ജൈവ പാർക്ക് എല്ലാ വിദ്യാലയത്തിലും –
- നീന്തൽകുളം കലാ-കായിക പാർക്കുകൾ ഓരോ മണ്ഡലത്തിലും സ്ഥാപിക്കും





വിദ്യാലയങ്ങൾ ഹൈടെക് ആകുന്നു. എന്താണ് ഹൈടെക് വിദ്യാലയങ്ങൾ? നമുക്ക് ക്ലാസ്സിൽ വരാൻ പോകുന്ന മാറ്റം പരിശോധിക്കാം... Laptop, Multimedia Projector, White Board, Sound System എല്ലാ ക്ലാസ്സിലും ലഭ്യമാകുന്നു. ഇവ കൂടാതെ, കമ്പ്യൂട്ടറുകൾ, എൽ.സി.ഡി, ടി.വി, എച്ച്.ഡി. ക്യാമറ തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാകും. ഐ.ടി. ലാബി

നേയും ക്ലാസ്സുകളേയും നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിച്ച് വിവരങ്ങൾ ക്ലാസ്സുകളിലേക്ക് ഷെയർ ചെയ്യുന്നതിന് ഹൈസ്പീഡ് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷനും ലഭ്യമാകും. ഇതോടൊപ്പം ഇവയെല്ലാം ഉപയോഗപ്പെടുത്തുന്നതിന് Hardware, Software പരിശീലനം, Resource Portal, E-Governance, E-Learning Materials എന്നിവയും ലഭ്യമാകും. 4775 വിദ്യാലയങ്ങൾ IT@school projectൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഇതോടെ പാഠഭാഗത്തെ ആശയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനുള്ള മികച്ച ദൃശ്യ-ശ്രാവ്യ അനുഭവങ്ങൾ ലഭ്യമാകുന്നതിനൊപ്പം പഠനതന്ത്രങ്ങൾ സ്വീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനും അവസരം ഒരുക്കും.

GOVT. INSTITUTE OF TEACHER EDUCATION PALAKKAD (M)
INSPIRE THE LEARNER

ഭൗതിക സാഹചര്യങ്ങൾ, ജൈവവൈവിധ്യപാർക്കുകൾ, കലാ-കായിക-പ്രവൃത്തിപരിചയ പരിശീലനങ്ങൾ എന്നിവയും ഒരുങ്ങുന്നതോടെ പൊതുവിദ്യാലയങ്ങൾ ആകർഷകമാകും. സ്കൂൾ കാമ്പസിനെതന്നെ പാഠപുസ്തകമാക്കുക എന്ന ലക്ഷ്യത്തിലാണ് എല്ലാ വിദ്യാലയത്തിലും ജൈവവൈവിദ്ധ്യ പാർക്കുകൾ ഉണ്ടാക്കുന്നത്. ഇതിലൂടെ പ്രകൃതിയിൽ ഇടപെടാനും പഠിക്കാനും അവസരം ലഭിക്കുന്നു. ഓരോ ക്ലാസിലും നേടിയിരിക്കേണ്ട വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തണം. പഠനനേട്ടങ്ങൾ ഓരോ കുട്ടിയും നേടിയെന്ന് ഉറപ്പുവരുത്തണം. പഠനപിന്നാക്കാവസ്ഥ പരിഹരിക്കണം. ഈ മാറ്റങ്ങൾ വരുന്നതോടെ ഭാവി വാഗ്ദാനങ്ങളായ വിദ്യാർത്ഥികൾക്ക് മികച്ച പഠനസൗകര്യങ്ങളും നൂതനസാങ്കേതികവിദ്യകളും പ്രാപ്യമാകും. നടക്കാവ് ഗവൺമെന്റ് മോഡൽ സ്കൂൾ നൽകുന്ന പാഠം അതാണ്. അതു വ്യാപിപ്പിക്കണം. ഈ എല്ലാ മാറ്റങ്ങളും സഫലീകരിക്കാൻ അധ്യാപകരുടെ പങ്ക് വളരെ പ്രധാനമാണ്. മാറ്റങ്ങൾ ക്ലാസ്സുകളിൽ, നമ്മുടെ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിൽ പരമപ്രധാനം അധ്യാപകരാണ്. ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അധ്യാപകരും നാളത്തെ അധ്യാപകരായ അധ്യാപക വിദ്യാർത്ഥികളും സജ്ജരാകണം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഗുണഫലം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക എന്നത് പ്രധാനമാണ്. അതിന് അധ്യാപകരുടെ മനോഭാവത്തിൽ ഇനിയും മാറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ഐ.സി.ടി. അടക്കമുള്ള സൗകര്യങ്ങൾ പഠനത്തിൽ വിനിയോഗിക്കുന്നതിന് മനോഭാവത്തിലെ മാറ്റം, സൗകര്യങ്ങളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തണം. നല്ല പരിശീലനത്തിലൂടെ അധ്യാപകരെ മാറ്റിയെടുക്കണം. അധ്യാപക വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള മുൻ പഠനങ്ങൾ വ്യക്തമാക്കുന്നതും ഐ.സി.ടി. അടക്കം ഉപയോഗിക്കുന്നതിൽ വളരെ പിന്നിലാണെന്ന് തന്നെയാണ്. അതുകൊണ്ട് D.Ed, B.Ed. പഠനകാലത്തുതന്നെ ഐ.സി.ടി. വിഷയമായി പഠിച്ചുകൊണ്ട്

- അസൈൻമെന്റുകൾ തയ്യാറാക്കൽ
- പ്രസന്റേഷനുകൾ തയ്യാറാക്കൽ
- വിദ്യാഭ്യാസ സോഫ്റ്റ്‌വെയർ പരിശീലനം
- ഹാർഡ്‌വെയർ പരിശീലനം
- വെബ്സൈറ്റുകളുടെ ഉപയോഗം
- സോഷ്യൽ നെറ്റ്‌വർക്കിംഗ്
- പഠനവിഭവങ്ങളുടെ നിർമ്മാണം
- മലയാളം കമ്പ്യൂട്ടിംഗ്
- പെഡഗോജിക്കൽ ടൂൾ ആയി ഉപയോഗപ്പെടുത്തൽ

തുടങ്ങിയ ധാരാളം സാധ്യതകൾ ഉപയോഗിച്ച് വൈദഗ്ദ്ധ്യം നേടൽ നിർബന്ധമാക്കണം. ഐ.സി.ടി. ഇന്റഗ്രേഷൻ കരിക്കുലത്തിൽതന്നെ പ്രാധാന്യം ലഭിക്കണം. ഇതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഐ.ടി.ഇ.കളിൽ ഉറപ്പുവരുത്തണം. ടീച്ചർ എഡ്യുക്കേറ്റർമാർക്കും പരിശീലനം ലഭ്യമാക്കി ഐ.സി.ടി. ഉപയോഗിച്ചുള്ള വിവിധ വിശകലനക്ലാസ്സുകൾക്ക് അവസരം നൽകണം. കേരളത്തിലെ ഓരോ കുട്ടിയുടേയും അവകാശമാണ് നിർദ്ദിഷ്ട ശേഷികൾ നേടുകയെന്നത്. ഇങ്ങനെ നാളെയുടെ ക്ലാസ്സുമുറികളിൽ എത്തിച്ചേരുന്നവർക്ക് മികച്ച പഠനം ഉറപ്പുവരുത്തുന്നതിലൂടെ പുത്തനുണർവ്വും പ്രതീക്ഷയും നൽകാൻ നാളെയുടെ അധ്യാപകർക്കും പ്രാപ്തിയുണ്ടാകണം. ഈ മാറ്റത്തിന് വിധേയരാകാത്തവർ നാളത്തെ തലമുറ സാങ്കേതികവിദ്യയിൽ പ്രകടിപ്പിക്കുന്ന വൈദഗ്ദ്ധ്യം കണ്ട് അത്ഭുതപ്പെട്ട് സ്വന്തം ക്ലാസ്സ്മുറിയിൽ നിസ്സഹായരായി നോക്കിനിൽക്കാനെകഴിയൂ. വിദ്യാഭ്യാസമേഖലയിൽ പിടിച്ചുനിൽക്കാനാവാതെ പുറന്തള്ളപ്പെടുന്ന അവസ്ഥയുണ്ടാകും.

വിദ്യാഭ്യാസമേഖലയിൽ വരും വർഷങ്ങളിൽ ഉണ്ടാകുന്ന മാറ്റം ഉൾക്കൊണ്ട് യജ്ഞത്തിൽ പങ്കാളികളായിക്കൊണ്ട് കാലത്തിനൊപ്പം നടക്കാൻ അധ്യാപക വിദ്യാർത്ഥികൾക്കും ശേഷിയുണ്ടാകണം. പുതിയ ദൗത്യം ഏറ്റെടുത്ത് മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്നവരാകണം.

'നല്ല അധ്യാപകരുണ്ടെങ്കിലേ നല്ല കുട്ടികൾ ഉണ്ടാവൂ.

നല്ല കുട്ടികളുണ്ടെങ്കിലെ നല്ല അധ്യാപകരും നല്ല വിദ്യാലയങ്ങളും ഉണ്ടാവൂ.'

# വായനയെ തൊട്ടറിഞ്ഞൊരു വായനാവാരം...



അഞ്ജലി.എ.എം.
II - D.Ed.

കേരളീയരെപോലെ എഴുത്തുകാരെയും സാഹിത്യകാരന്മാരെയും ഇത്രയധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ആളുകൾ വേറെയുണ്ടോയെന്ന് സംശയമാണ്. എഴുത്തുകാർക്ക് നല്ല പ്രാധാന്യം നമ്മൾ കൊടുക്കുന്നുവെങ്കിൽ, വായനാസംസ്കാരം നമുക്കിടയിൽ നിലനിൽക്കുന്നു എന്നാണ് അതിനർത്ഥം. ഈ വായനാ സംസ്കാരത്തെ നിലനിർത്തുന്നതിൽ അധ്യാപക വിദ്യാർത്ഥികൾക്കുള്ള പങ്ക് തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് വായനാവാരം വിപുലമായി ആചരിക്കുവാൻ ഭാഷാ ക്ലബ്ബ് തീരുമാനിച്ചത്.

'വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക' എന്ന വാക്യവുമായി പി.എൻ.പണിക്കരുടെ പ്രവർത്തനങ്ങളെ സ്മരിച്ച് ജൂൺ 20 മുതൽ 27 വരെ വായനാവാരം ആചരിച്ചു. ഉദ്ഘാടകൻ പ്രശസ്ത കവി വേണുഗോപാൽ സർ ആയിരുന്നു. വായനയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസെടുക്കുകയുണ്ടായി. അസംബ്ലിയിൽ വായനയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ, പുസ്തകപരിചയം, അധ്യാപക വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സൃഷ്ടികളുടെ അവതരണം എന്നിവ ഉൾപ്പെടുത്തിയിരുന്നു. 23-ാം തിയ്യതി ശ്രവ്യവായനാമത്സരം നടത്തിയതിൽ അഞ്ജലി, മാലൂഫ, സുൽഫത്ത് എന്നിവർ സമ്മാനാർഹരായി. 24-ാം തിയ്യതി സാഹിത്യകാരന്മാരുടെ ചിത്രങ്ങളും ജീവചരിത്രകുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് പ്രദർശനം നടത്തിയത് വളരെ ഫലപ്രദമായിരുന്നു.

25-ാം തിയ്യതി ഭാഷാ ക്വിസ് നടത്തുകയുണ്ടായി. കടുത്ത മത്സരത്തിൽ അഞ്ജലി, ഹസ്ന, പ്രജിത എന്നിവർ സമ്മാനാർഹരായി. സമാപനയോഗത്തിൽ പ്രശസ്ത കഥാകൃത്ത് ടി.കെ.ശങ്കരനാരായണനുമായി അഭിമുഖം ഉണ്ടായിരുന്നു. അറിവുകൾ നേടാൻ ഇത് അധ്യാപക വിദ്യാർത്ഥികളെ സഹായിച്ചു.

അധ്യാപക വിദ്യാർത്ഥികളുടെ ഒളിഞ്ഞുകിടക്കുന്ന സർഗ്ഗാത്മക കഴിവുകളും അഭിരുചികളും പുറത്തെടുക്കാനും വായനയെ തൊട്ടറിയാനുമുള്ള ഒരവസരമാണ് വായനാവാരത്തിലൂടെ ലഭിച്ചത്. പുസ്തകങ്ങളോട് ചങ്ങാത്തം കൂടുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ ഞങ്ങൾക്കുള്ള പങ്ക് തിരിച്ചറിയുകയും അതിനായുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നുമുള്ള പ്രതിജ്ഞയോടെ വായനാവാരാചരണം അവസാനിച്ചു.



കവിത

# എന്നും ഏകയായ്....

കാണാതെപോയ നിൻ കണ്ണുകളും
നിഴൽ വീഴാത്തോരാ വീഥികളും
എന്നെ തനിച്ചാക്കിയപ്പോൾ
അറിയാൻ വൈകിപ്പോയി...
അകലെ എവിടെയോ, പെയ്യുന്ന മഴയിൽ
അറിയാതെ നനയുന്ന സുഖം...
ഇന്നിവിടെ ഏകാന്തമായി നിൽക്കുമ്പോൾ
ആ മഴയിലെ ഓരോ നീർത്തുള്ളികളും
ഏഴു വർണ്ണങ്ങളായി ചിതറി
എവിടെയോ പെയ്യുന്ന മഴയിൽ
ഏകാന്തമായി നനയുന്നു
നീ വരുമെന്ന തോന്നലോടെ...
ശിഷ്ടകാലത്തിലെനിക്കു തണലേകുവാനായി മഴയേ
എന്നിലേക്കടുപ്പിച്ച വാനമേ,
നീ തട്ടിയുണർത്തിയതെന്നുടെ
ഒരുപിടി നനവുള്ളൊരോർമകൾ...
കടുത്ത വേനലിലെന്റെ മൂകസത്യങ്ങളെ
തൊട്ടുണർത്തിയിന്നു കുളിരണിയിക്കാൻ
വൈകാതെ നീയെത്തുക...
എന്നെയും എന്നിലെയെന്നെയും
തൊട്ടറിയാൻ????



പ്രജിത.ആർ.
1st Year



INSPIRE THE LEARNER

അനുഭവ വിവരണം

# ചുവടുവയ്പ്പ്

## അധ്യാപനത്തിലേക്ക്...



പ്രീത.എ.
2nd Year




2015-17 അധ്യയനവർഷം തുടങ്ങുമ്പോഴാണ് ഞാൻ ഐ.ടി.ഐ.ൽ വരുന്നത്. വളരെ ആകാംക്ഷയോടും പുത്തൻ പ്രതീക്ഷയോടുകൂടിയാണ് ഓരോ അധ്യയനവർഷവും തുടങ്ങുന്നത്. അതേ തീവ്രതയോടുകൂടിതന്നെയാണ് ഈ ബാച്ചും തുടക്കംകുറിച്ചത്.

ജൂൺ അവസാനവാരത്തിലാണ് ക്ലാസ് തുടങ്ങിയത്. 33 വിദ്യാർത്ഥികളിൽ പകുതി പേരോളം ഡിഗ്രി കഴിഞ്ഞവരാണ്. എല്ലാവരും വളരെ ആക്ടീവും നല്ല കഴിവുള്ളവരുമാണ്. നാല് പേരോളം ആനക്കര, ചിറ്റൂർ എന്നീ ടി.ടി.ഐ.യിലേക്ക് ട്രാൻസ്ഫർ വാങ്ങി പോവുകയുണ്ടായി. സ്കൂളുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പഠനരീതിയാണ് ഇവിടെ ഞാൻ കണ്ടുവന്നത്. അതുകൊണ്ടാവാം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലായത്. കൂടാതെ, അഞ്ച് പേരോളം വിവാഹം കഴിഞ്ഞു പഠിപ്പു നിർത്തി പോവുകയും ചെയ്തു.

ഇപ്പോൾ 2017 മാർച്ചിൽ അവസാനിക്കുന്ന ഈ ബാച്ചിൽ 21 കുട്ടികളാണ് നിലവിലുള്ളത്.

INSPIRE THE LEARNER

വിവരണം

# നല്ല തുടക്കമാണ് അസംബ്ലി



ശ്രീമതി.കെ.കെ.
II D.Ed.



സ്കൂൾ പ്രവർത്തനങ്ങളിൽ പ്രധാനപങ്കുവഹിക്കുന്ന ഒന്നാണ് അസംബ്ലി. ഒരു ദിവസത്തിന്റെ തുടക്കമെന്ന നിലയിൽ അസംബ്ലിക്കുള്ള സ്ഥാനം വളരെ വലുതാണ്. അധ്യാപിക വിദ്യാർത്ഥിയെന്ന നിലയിൽ ഭാവിയിൽ അധ്യാപകരാവുമ്പോൾ സ്കൂളുകളിൽ നല്ലൊരു അസംബ്ലിക്ക് നേതൃത്വം നൽകുന്നതിനുള്ള പരിശീലനം കൂടിയുള്ളതാണ് ടി.ടി.ഐ. യിലെ അസംബ്ലി. തുടക്കത്തിലുള്ള അധ്യാപിക വിദ്യാർത്ഥികൾക്ക് അസംബ്ലി ഒരു പുതിയ അനുഭവമാണ്. ഇതുവരെ കണ്ടിട്ടില്ലാത്ത അവതരിപ്പിച്ചിട്ടില്ലാത്ത പല പുതുമ നിറഞ്ഞ ഇനങ്ങളും പ്രവർത്തനങ്ങളുമാണ് ഈ അസംബ്ലികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രധാന ഇനങ്ങൾ എന്നത് പ്രാർത്ഥന, പ്രതിജ്ഞ, പത്രവാർത്ത, ഇന്നത്തെ ചിന്താവിഷയം, പുസ്തകപരിചയം, ഇന്നത്തെ വചനം, ദേശഭക്തിഗാനം, ദേശീയഗാനം എന്നിവ. ഇവയിലെ ചില ഇനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായുമാണ് അവതരിപ്പിക്കാറ്. ഇന്നത്തെ ചിന്താവിഷയം എന്ന ഇനത്തിൽ ആനുകാലിക പ്രസക്തിയുള്ളതും വിദ്യാഭ്യാസപരമായതും അതുപോലെ ആ ദിവസത്തെ പ്രത്യേകതയെക്കുറിച്ചുമാണ് ആ ഒരു ഇനം അവതരിപ്പിക്കുന്നത്.



അധ്യാപകരാവാൻ പോവുന്നവർക്ക് വായനയും വായനാശീലവും അത്യന്താപേക്ഷിതമാണ്. അതിനാലാണ് പുസ്തകപരിചയം എന്ന ഇനം അസംബ്ലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു പുസ്തകം വായിക്കുകയും അവ മറ്റുള്ളവർക്ക് വായിക്കാനുള്ള പ്രചോദനം നൽകലുമാണ് ഇതിന്റെ ലക്ഷ്യം. അസംബ്ലി (ഒരു ദിവസത്തെ) ഒരു ഗ്രൂപ്പായാണ് നടത്തുന്നത്. അസംബ്ലിയ്ക്ക് നേതൃത്വം നൽകുന്നത് പ്രധാനമന്ത്രിയാണ്.

# മഴ



അഞ്ജനഗോപി

ജലമല്ലോ ജീവാമൃതം
വർഷിക്കുമാമൃതം മഴയായ്
കാത്തിരിപ്പൂ നാം മഴയെ
വർഷംതോറും വർഷിക്കുവാൻ
കത്തിക്കരിയും വെയിലിൻ
കാഠിന്യത്തെ ശമിപ്പൂ
മഴതൻ തേൻ വർഷം
മനസ്സിൽ കുളിരായ്
പുതുനാമ്പുകൾ തത്തികളിപ്പൂ
മഴതൻ തലോടലിനാൽ
കിണറും പുഴയും
മഴതൻ തിമിർപ്പിനാൽ
പേമാരിയായ് പെയ്യും മഴതൻ ഭാവം
നാശം വിതപ്പൂ വയലോലകളിൽ
എങ്കിലുമാമൃതം ലഭിക്കാൻ
മഴയില്ലാതെന്തു മാർഗം ഭൂവിൽ







റിപ്പോർട്ട്

# ഐ.ടി.ഇ. പാർലമെന്റ് – ഒരു ജനാധിപത്യവേദി



നസ്റിയ.കെ.
D.Ed. IInd Year

INSPIRE THE LEARNER

ഗവ. ടി.ടി.ഐ.യുടെ അക്കാദമിക പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന്റെ അടിസ്ഥാനം ഇവിടുത്തെ പാർലമെന്റിന് അവകാശപ്പെട്ടതാണ്. കരുത്തുറ്റ ഒരു പാർലമെന്റുതന്നെ ഞങ്ങൾക്ക് അവകാശപ്പെടാം. ഓരോ സെമസ്റ്ററിലും പുതിയ പാർലമെന്റ് അധികാരമേൽക്കും.

പ്രധാനമന്ത്രി, സ്പീക്കർ, വിദ്യാഭ്യാസമന്ത്രി, ധനകാര്യവകുപ്പ്, ആരോഗ്യമന്ത്രി, കായികം, കൃഷി... എന്നീ സ്ഥാനങ്ങളാണ് ഇവിടെയുള്ളത്. ഒന്നാംവർഷ കുട്ടികളും, 2-ാംവർഷ കുട്ടികൾക്കും തുല്യ പങ്കാളിത്തമാണ് എല്ലാ അധികാരങ്ങൾക്കും. എല്ലാ കുട്ടികളും ചേർന്നാണ് എല്ലാ മന്ത്രിമാരേയും തീരുമാനിക്കുന്നത്. 2 മാസത്തിൽ ഒരിക്കൽ പാർലമെന്റ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും, പുതിയ നയങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു.

സ്കൂൾ ഹാളിൽ പാർലമെന്റിന്റെ അതേ മാതൃകയിൽതന്നെയാണ് ഒത്തുചേരുന്നത്. സ്പീക്കറിന്റെ വലതുഭാഗത്ത് ഭരണകക്ഷികളും ഇടതുഭാഗത്ത് പ്രതിപക്ഷ അംഗങ്ങളും ഇരിക്കുന്നു. എല്ലാവരുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളാണ് ഇന്ന് ടി.ടി.ഐ.യിലെ പല വികസനങ്ങളും. പച്ചക്കറിത്തോട്ടം, പൂന്തോട്ടം... എന്നീ പ്രവർത്തനങ്ങൾ പാർലമെന്റിൽ നിന്ന് ഉരുതിരിഞ്ഞ് വന്നതാണ്.

ടി.ടി.ഐ.യിൽ പഠനം തുടങ്ങുന്നതിന് മുൻപുള്ള അസംബ്ലിയും, വൈകുന്നേരത്തെ ക്ലീനിംഗ്, W.E, P.E.... etc. തുടങ്ങി പാഠ്യേതര പ്രവർത്തനങ്ങളുടെയും നേതൃത്വം വഹിക്കുന്നത് ഓരോ മന്ത്രിമാരാണ്.

ഓരോ ദിനാചരണങ്ങളും വളരെ ഭംഗിയാക്കാൻ എന്നും മന്ത്രിമാർ ശ്രമിക്കാറുണ്ട്.

ഇത് മറ്റുള്ളവർക്ക് നേതൃപാടവം ഉണ്ടാക്കുകയും ഏതൊരു പ്രവർത്തനവും പ്രശ്നങ്ങളും നേരിടാനുള്ള ഒരു ശക്തിതന്നെയാണ് പാർലമെന്റിലൂടെ ലഭിക്കുന്നത്.



INSPIRE THE LEARNER

ഫീൽഡ് ട്രിപ്പ് വിവരണം

# മിൽമയിലേക്ക് പാലറിവുതേടി



ഷബാന.ടി.പി.




രണ്ടുവർഷത്തെ D.Ed. കോഴ്സിന്റെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി പഠനയാത്രകൾ നടത്തുകയുണ്ടായി. അതിലൊന്നാണ് കല്ലേപ്പുള്ളി മിൽമ സന്ദർശനം. മൂന്നാം സെമസ്റ്ററിലെ പ്രവൃത്തിപരിചയം എന്ന വിഷയത്തിലെ തൊഴിൽശാല സന്ദർശനം എന്ന പഠനപ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഞങ്ങൾ മിൽമ സന്ദർശിച്ചത്. രാവിലെ 10 മണിക്ക് വിദ്യാർത്ഥിനികളെല്ലാവരും മിൽമയിൽ എത്തിച്ചേർന്നു. ഞങ്ങളുടെ കൂടെ മോഹൻസാറും ജയലക്ഷ്മിടീച്ചറും ഉണ്ടായിരുന്നു. ആദ്യംതന്നെ ഞങ്ങൾ വരുന്നതുപറഞ്ഞ് ഓഫീസിൽനിന്ന് സമ്മതം വാങ്ങിയതിനാൽ മിൽമയിൽ പ്രവേശിക്കാനുള്ള അനുവാദം തന്നു. മിൽമയിലേക്ക് കടക്കുന്നതിനുമുൻപ് ഞങ്ങൾക്കെല്ലാവർക്കും മുടിയും തലഭാഗവും കവർചെയ്യുന്നത് തൊപ്പികൾ തന്നു. ഞങ്ങൾ അതെല്ലാം ധരിച്ച് മിൽമയിലേക്ക് കടന്നു. മിൽമയിലെ പ്രവർത്തനങ്ങളും പ്രധാനസ്ഥലങ്ങളും കാണിച്ചുതരുവാനും വിവരിച്ചുതരുന്നതിനും വേണ്ടി ഒരു സ്റ്റാഫിനെ ഞങ്ങൾക്കായി വിട്ടുതന്നു. അദ്ദേഹം ഞങ്ങൾക്ക് വിവിധ കേന്ദ്രങ്ങളിൽനിന്ന് വരുന്ന പാൽ ശേഖരിക്കുന്നും, ശുചീകരണ പ്രക്രിയകളും ശുദ്ധ പാലായി വേർതിരിച്ച് പായ്ക്കറ്റുകളായി പെട്ടിയിൽ വീഴുന്ന പ്രവർത്തനങ്ങളും മറ്റും കാണിച്ചുതരുകയും പറഞ്ഞു മനസ്സിലാക്കി തരുകയും ചെയ്തു. മനുഷ്യധ്വാനം വളരെ കുറവും വളരെ വേഗത്തിലും ചടുലതയിലുമുള്ള മെഷീൻ പ്രവർത്തനങ്ങളുമാണ് ഞങ്ങൾ അവിടെ കണ്ടത്. വളരെ കൃത്യമായ അളവിൽ പായ്ക്കറ്റുകളിൽ വന്ന് നിറഞ്ഞ് പെട്ടിയിൽ വീഴുന്ന പ്രവർത്തനം എന്നെ വളരെ ആകർഷിച്ചു. ഞങ്ങളെ മിൽമയുടെ ഒരു ഭാഗത്ത് നിർത്തി ഞങ്ങൾക്ക് വേണ്ട വിവരണം തന്നു. ഞങ്ങളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമുള്ള മറുപടി നൽകി. ഒരു തൊഴിൽശാലയുടെ പ്രവർത്തനത്തെക്കുറിച്ച് വ്യക്തമായ ധാരണ നേടാൻ സാധിച്ചു. ഞങ്ങൾക്ക് വേണ്ട വിവരങ്ങൾ തന്ന് സഹായിച്ച സ്റ്റാഫിന് ടി.ടി.ഐ.യുടെ പേരിൽ നന്ദി പറഞ്ഞു. മിൽമാ കാന്റീനിൽനിന്ന് ചായയും കുടിച്ചു. മിൽമുടെ മറ്റു ഉൽപ്പന്നങ്ങളായ പേട, ഐസ്ക്രീം എന്നീ സാധനങ്ങൾ അവിടെ വിൽപ്പനനടത്തുന്നുണ്ടായിരുന്നു. ഞങ്ങൾ അവിടെയും കയറി വേണ്ട സാധനങ്ങൾ വാങ്ങിച്ചു. എല്ലാവരും തന്നെ ഐസ്ക്രീം കഴിച്ചുകൊണ്ടാണ് മിൽമയിൽനിന്ന് ഇറങ്ങിയത്. രസകരമായ പഠനാനുഭവമാണ് മിൽമ സന്ദർശനം ഞങ്ങൾക്ക് സമ്മാനിച്ചത്.

അനുഭവം

# ഇന്റേൺഷിപ്പ് – പ്രവർത്തനത്തിലൂടെ



ഫായിസ.പി.എം.

INSPIRE THE LEARNER



ആർട്ട് എഡ്യൂക്കേഷൻ, വർക്ക് എക്സ്പീരിയൻസ്, മലയാളം എന്നീ വിഷയങ്ങൾക്കാണ് എനിക്ക് കുട്ടികളിൽ നിന്നും പ്രൊഡക്ടുകൾ ലഭിച്ചത്. ആർട്ട് എഡ്യുക്കേഷനിൽ പ്രകൃതിയുടെ ചിത്രവും അക്കങ്ങൾ ഉപയോഗിച്ചുള്ള ചിത്രവുമാണ് ലഭിച്ചത്. 3–ാം ക്ലാസ്സിലെ കുട്ടികളേക്കാൾ 4–ാം ക്ലാസ്സിലെ കുട്ടികൾ വരച്ച പ്രകൃതിയുടെ ചിത്രം മികച്ചതായിരുന്നു. റമീസ്, മിശ്രയ, അസാഹിർ, തൻസിൽ, നകുൽ എന്നീ കുട്ടികൾ പ്രകൃതിയുടെ ചിത്രം ഞാൻ വരച്ച ചാർട്ട് നോക്കി ഭംഗിയിൽ വരയ്ക്കുകയും നിറം നൽകുകയും ചെയ്തു. ചിത്രരചനകൾക്കുള്ള കഴിവുകൾ ഈ കുട്ടികളിൽ മികച്ചതായിരുന്നു.

വർക്ക് എക്സ്പീരിയൻസിൽ ആശംസാ കാർഡ്, കളിഫോൺ എന്നീ പ്രൊഡക്ടുകളാണ് കുട്ടികളിൽനിന്നും ലഭിച്ചത്. ആശംസാകാർഡ് 4–ാം ക്ലാസ്സിലെ കുട്ടികളാണ് തയ്യാറാക്കിയത്. സ്വാതന്ത്ര്യദിനത്തെ സംബന്ധിച്ച ആശംസാകാർഡ് ആണ് കുട്ടികൾ തയ്യാറാക്കിയത്. വരയ്ക്കാനും എഴുതാനും നിറം നൽകാനും ഈ പ്രവർത്തനത്തിൽ ഉണ്ടായിരുന്നു. W.E. ആയതുകൊണ്ടുതന്നെ കുട്ടികൾക്ക് താൽപര്യം കൂടുതലായിരുന്നു. A4 Sheet, Sketch Pen, Cryons എന്നിവയാണ് സാമഗ്രിയായി നൽകിയത്.

കളിഫോൺ 3–ാം ക്ലാസിലെ കുട്ടികളാണ് ഉണ്ടാക്കിയത്. 2 കുട്ടികൾ ചേർന് ഒരു ഫോൺ ആണ് നിർമ്മിച്ചത്. പേപ്പർ കപ്പ്, ചണനൂൽ എന്നിവയാണ് സാമഗ്രിയായി നൽകിയത്. ചെറിയ കുട്ടികളായതുകൊണ്ട് പേപ്പർകപ്പിന്റെ അടിവശത്ത് ഞാൻ ഓട്ട തുളച്ചുകൊടുത്തിട്ടുണ്ടായിരുന്നു. കുട്ടികൾ ഞാൻ ചെയ്യുന്നതു നോക്കി ഭംഗിയായി ഉണ്ടാക്കി. കളിഫോൺ ഉപയോഗിച്ച് സംസാരിക്കുന്നത്. കുട്ടികളിൽ മതിപ്പ് ഉളവാക്കിയിരുന്നു. ഒരു കുട്ടി പറയുന്നത് മറ്റേ കുട്ടിക്ക് കളിഫോൺ ഉപയോഗിച്ച് വ്യക്തതയോടെ കേൾക്കാമായിരുന്നു.

4–ാം ക്ലാസിലെ മലയാളത്തിൽ പതിപ്പ് ആ് ഉൽപന്നമായി ലഭിച്ചത്. കുട്ടികളെല്ലാവരും തന്നെ സ്വാതന്ത്ര്യസമരസേനാനികളുടെ പതിപ്പ് തയ്യാറാക്കാൻ സഹകരിച്ചിരുന്നു. ഓരോ കുട്ടിയോടും ഏതെങ്കിലും സ്വാതന്ത്ര്യസമരസേനാനിയുടെ കുറിപ്പ് തയ്യാറാക്കി വരാൻ ആവശ്യപ്പെട്ടിരുന്നു. കുട്ടികളെല്ലാവരും തന്നെ എഴുതിക്കൊണ്ടുവന്നത് ശേഖരിച്ച് ഞാൻ പതിപ്പ് തയ്യാറാക്കി. കായികവിനോദങ്ങളുടെ കുറിപ്പ് തയ്യാറാക്കാൻ പറഞ്ഞപ്പോൾ വിശ്രയ, നിഷാന എന്നീ കുട്ടികൾ മാത്രമാണ് സഹകരിച്ചത്. ഒരുവിധം കഴിവുകളുള്ള കുട്ടികളെയാണ് ഓരോ ക്ലാസിലും കാണാൻ കഴിഞ്ഞത്. നന്നായി ചിത്രംവരച്ച കുട്ടികൾക്ക് ക്രയോൺസ് സമ്മാനമായി നൽകി. അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാനും മറന്നില്ല.

കവിത

# എൻ കലാലയം




ദീപിക.ബി.
1st Year, D.Ed


ഞാവൽ മരത്തിന്റെ കീഴിൽ
നമ്മൾ മൂവരും ഒരുമിച്ച നാൾ
മധുരമാം സ്നേഹം പകർന്നിടും ഇതിലേ
ഏതോ സുഗന്ധംപോലെ
ചിത്രശലഭങ്ങൾ മൂളിടും ഗാനം
ഉരുവിട്ടുനിന്ന് എവിടെയോ?
ഏകാന്തയാം എന്നെ കൈപ്പിടിച്ചു-
യർത്തി നീ...
നിൻ സ്നേഹം എനിക്കായ് നൽകി
എന്റെ നോവുകൾ പാടെ അകറ്റി നീ...
ഒരു കുടക്കീഴിൽ മഴപ്പാതി നനഞ്ഞ്
മൂവരും വന്നതോർക്കുന്നു ഞാൻ
ഇനിയാകവാടം തുറന്നിടുമോ നമുക്കായ്...
ഇടതൂർന്ന ഇടവഴിയിൽ പാതിയെത്തുമ്പോൾ
നിൻ സ്നേഹത്താൽ തഴുകി എന്നെ
സുവർണമാം ഈ കലാലയത്തിനുള്ള
വിടവാങ്ങാൻ സഖി, മനസ്സില്ല.
സ്മരിക്കുന്നു ഞാനെന്നും മധുരമാം
നൊമ്പരമേകിയ നൽനിമിഷത്തെ...
എൻ ഹൃദയത്തിൽ നിന്നടരില്ലൊരിക്കലും
ഉരുകിഞാൻ മെഴുകുപോൽ
എരിഞ്ഞു തീരുംവരെ
വിടവാങ്ങുന്ന സഖീ ഞാൻ
ഈ മായാത്ത സ്വപ്നങ്ങളുമായ്...






Story

# The Lost Jumbo



Shifa. E.
D.Ed. Ist Year



Jumbo was a baby elephant. He lived in a Forest with his father and mother. He was very mischievous. One day he wandered off alone into the forest without telling his parents. He walked all over and lost his way. Do you know what happened next? He fell into a pit. Poor Jumbo ! He tried to climb out of the pit, but couldn't. He was tired and hungry. He was in the pit for a few days. He missed his parents. Jumbo decided that he'll never be naughty again and would listen to his parents hereafter.

Then one day, the forest rangers found Jumbo. They pulled him out of the pit and took him in a truck to the elephant orphanage where they looked after him. They fed him and gave him milk. Jumbo met many foster uncles, aunties, brothers and sisters. Now he lives happily at the orphanage, with his new family of elephants.

INSPIRE THE LEARNER



# ഇന്റേൺഷിപ്പും ഞാനും

ദിവ്യ വർമ്മ
IInd D.Ed.



2016-17 അധ്യയനവർഷത്തെ ടീച്ചിംങ് പ്രാക്ടീസ് വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. ഓരോ പുതിയ അറിവും പുതിയ അനുഭവമാണ്. എന്റെ വീടിനടുത്തുള്ള ഗവ. യു.പി.സ്കൂളിലായിരുന്നു ഇപ്രാവശ്യം ടീച്ചിംങ് പ്രാക്ടീസ്.

സരിതചേച്ചി, രശ്മിചേച്ചി, പ്രജിതചേച്ചി, അഞ്ജന, ഞാൻ. ഞങ്ങൾ 5 പേരായിരുന്നു സ്കൂളിൽ. 16.01.2017 ഞങ്ങൾ സ്കൂളിൽ എത്തി. നല്ല പെരുമാറ്റമായിരുന്നില്ല ആദ്യദിവസം തന്നെ അധ്യാപകരിൽനിന്നുണ്ടായത്. വേയ്സ്റ്റ് സാധനങ്ങൾ ഇടുന്ന ഒരു മുറിയിൽ ഞങ്ങളെ അവർ ഇരുത്തി. ചില അധ്യാപകരുടെ ക്ലാസ്സുകൾ നിരീക്ഷിക്കാനുള്ള അവസരം ലഭിച്ചു. 18.01.2017 മുതൽ ഞങ്ങൾ ക്ലാസ്സെടുക്കാൻ തുടങ്ങി.

മലയാളം - 7 പിരീഡ്, ഇംഗ്ലീഷ് - 7 പിരീഡ് , സോഷ്യൽ സയൻസ് - 25 പിരീഡ്, A:E:2, W:E:2, P:E:2‘എന്നിവയാണ് മറ്റു പിരീഡുകൾ ഞങ്ങൾ 5, 6, 7 ക്ലാസ്സുകളിൽ. വിവിധ വിഷയങ്ങൾ എടുക്കാനാരംഭിച്ചു. ചില അധ്യാപകരെല്ലാം അധ്യാപനത്തിൽ സഹായിച്ചിരുന്നു. ഞങ്ങൾക്ക് അനുവദിച്ച തന്നെ പാഠഭാഗത്തേക്കാൾ Extra എടുക്കേണ്ടിവന്നു. ICT‘സാധ്യതകൾ നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിച്ചു.

മെന്റർ ടീച്ചർമാരുടെ ഭാഗത്തുനിന്ന് യാതൊരു പിന്തുണയും ലഭിച്ചില്ല. ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് ഞങ്ങളെ ഓഫീസിൽ വിളിച്ച് വഴക്കുപറയുകയും ചെയ്തു. പലർക്കും അത് ഒരുപാട് വിഷമമായി. അസംബ്ലി നടത്തി. എച്ച്.എം. അസംബ്ലി നന്നായി എന്നു പറഞ്ഞു.

17.02.2017 വെള്ളി 25 ദിവസം കഴിഞ്ഞു. അന്നുതന്നെ കുട്ടികൾക്ക് പേനനൽകി. അധ്യാപകർക്ക് മധുര പലഹാരവും നൽകി. അന്നുതന്നെ ഞങ്ങളുടെ മാർക്ക് അവർ നൽകി.

എല്ലാ അനുഭവവും നല്ലതാവണം എന്നാണ് എല്ലാവരുടേയും ആഗ്രഹം. ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ടീച്ചിംഗ് പ്രാക്ടീസ് നല്ല അനുഭവമായിരുന്നു എന്നുതന്നെ പറയാം.

Report

INSPIRE THE LEARNER

# ENGLISH FEST 2016



Roshni Krishna. B.
D.Ed. 4th Sem

| | | |
|---|---|---|
| **Moderator** | : | **Saritha. P.M.** |
| **Prayer** | : | **Anjali & Anjana** |
| **Inauguration** | : | **Mohan Sir & Smt. Kanakamani Teacher** |
| **Welcome Speech** | : | **Roshni. B.** |
| **Programmes** | : | **Speech, Poem, Recitation, Puzzles, Jokes,** |
| **Rhymes,** | | |
| | | **Conversation & Word Chain** |
| **Vote of thanks** | : | **Thasleema** |
| **Date / Venue** | : | **31.10.2016 / ITE Kumarapuram** |



On 31.10.2016, the students of ITE conducted an English Fest. The moderator Saritha called upon Roshni to deliver Welcome Speech. Followed by that program was inaugurated by Smt. Kanakamani Teacher &Mohan Sir had addressed the gathering.

Moderator had given an introduction about the importance of language. The program was started with the short speech of Roshni and then Bini. Then the poem was recitated by about 10 students same presented rhymes and action songs. The rhyme which was sung by Anjana Gopi was very interesting and quite different. It was sung in 7 variety of tones.

Puzzle was introduced by Akshaya and Sheheedha of 1st year. Reshmi (2nd year) had presented a thrilling and excellent joke. Then conducted story reading both for 1st & 2nd years. It was a nice experience.

The programme came into an end with word chain. All were participated in the program. All got enthusiastic while playing this game. Thasleema from 1st year delivered vote of thanks. She thanked each and everyone who gave this oppurtunity and who participated in this fest. Then the programme came into an end.

അനുഭവം

# കുട്ടികളുടെ കഴിവുകളാൽ നിറഞ്ഞു തുളുമ്പുന്ന ജി.യു.പി.എസ്. മേപ്പറമ്പ്



അഞ്ജിത.വി.ജി.
D.Ed. 1st Year




നല്ലൊരു അധ്യാപികയാവാനുള്ള പഠനത്തിന്റെ ഭാഗമായി ആദ്യ വർഷത്തിൽ ചെയ്യേണ്ട ട്രെയിനിംങ്ങിനായി എനിക്ക് ലഭിച്ചത് ജി.യു.പി.എസ്. മേപ്പറമ്പ് ആണ്. ധാരാളം കുട്ടികളുള്ള, അധ്യാപനത്തിൽ കഴിവ് തെളിയിച്ച ഒരു കലാലയം. 2017 ജനുവരി 19ന് ഞാൻ മേപ്പറമ്പ് സ്കൂളിൽ ചെന്നു. ഹെഡ്മാസ്റ്ററായ മുരളിമാഷും, മെന്റർ ടീച്ചറായ നസീബ ടീച്ചറേയും കണ്ടു സംസാരിച്ചു. എൽ.പി. തലത്തിൽ എടുക്കുന്ന അധ്യാപകരെ പരിചയപ്പെടുകയും ചെയ്തു. ട്രെയിനിംഗിന് എത്തിയ ദിവസം തന്നെ എന്റെ സീനിയേഴ്സിന്റെ കൂടെ അസംബ്ലിയിൽ പ്രാർത്ഥന ആലപിക്കാനും എനിക്കു കഴിഞ്ഞു. അധ്യാപനം എങ്ങനെയാണ് നിർവ്വഹിക്കേണ്ടത് ? എങ്ങനെയാണ് കുട്ടികളോട് ഇടപഴകേണ്ടത്? അധ്യാപനം നിർവ്വഹിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടതെന്നും അധ്യാപനത്തിൽ കഴിവ് തെളിയിച്ച അധ്യാപകരായ റീത്ത ടീച്ചർ, കരോളിൻ ടീച്ചർ, ഷീബ ടീച്ചർ, ആസിനടീച്ചർ, അനിത ടീച്ചർ എന്നിവരുടെ ക്ലാസ് വിശകലനം ചെയ്തതിലൂടെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അവിടുത്തെ ഓരോ ക്ലാസ്സും ശിശുസൗഹൃദപരമായിരുന്നു. മെന്റർ ടീച്ചറും എൽ.പി, യു.പി. തലത്തിലെ എല്ലാ അധ്യാപകരും ഞങ്ങളോട് സൗഹൃദപരമായിട്ടായിരുന്നു പെരുമാറിയത്. എന്റെ ക്ലാസ് കണ്ട് മേന്മകളും, പരിമിതികളും പറഞ്ഞുതന്നു. എനിക്ക് തന്ന പാഠഭാഗങ്ങളിലെ ആശയങ്ങൾ പഠനോൽപ്പന്നങ്ങൾവെച്ച് കുട്ടികളിൽ ആശയം നിർമിക്കാൻ എനിക്കു കഴിഞ്ഞു. ഒരു മാസം നീണ്ട ട്രെയിനിംഗിൽ കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഒരു ടീച്ചറാവാൻ എനിക്ക് സാധിച്ചു. രണ്ടാം ക്ലാസ്സിൽ ഇന്റഗ്രേഷൻ, 3-ാം ക്ലാസ്സിൽ ഗണിതം, പരിസരപഠനം, 4-ാം ക്ലാസ്സിൽ മലയാളം, ഇംഗ്ലീഷ്, 2 പിരീഡ് കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യ കായിക വിദ്യാഭ്യാസം എന്നീ വിഷയങ്ങൾ ഞാൻ എടുത്തു. ജനുവരി 15, 16 തിയ്യതിയിൽ നടന്ന ഗണിതോത്സവത്തിന്റെ ഭാഗമാവാനും ഞാൻ എഴുതിയ ഗണിത ചാർട്ടുകൾ, പഠനോപകരണങ്ങൾ ചുമരിൽ തൂക്കാനും എനിക്ക് കഴിഞ്ഞു. 15, 16 ദിവസങ്ങളിൽ മതിലും, ഓരോ ക്ലാസിലെ ചുമരുകളും ഗണിതവുമായി ബന്ധപ്പെട്ട ആശയങ്ങളാൽ നിറഞ്ഞിരുന്നു. ബി.ആർ.സി.യിലെ അധ്യാപകരും, മറ്റു സ്കൂളിലെ അധ്യാപകരും ഗണിതോത്സവത്തിൽ പങ്കെടുക്കുകയും, കുറേ അധ്യാപകരെ എനിക്ക് പരിചയപ്പെടാനും സാധിച്ചു. ഓരോ ക്ലാസ്മുറിയ്ക്കും ഓരോ പേരുകളാൽ തരംതിരിച്ചിരുന്നു. ഒറിഗാമി, മെട്രാ, ജ്യാമിതീയമൂല, കളികൾ തുടങ്ങിയ രസകരമായ പേരുകളിലാണ് തരംതിരിച്ചത്. കുട്ടികളെ ഗ്രൂപ്പാക്കുകയും, എല്ലാ മുറികളിലും കുട്ടികൾക്ക് ഗണിതം രസകരമാക്കാനുള്ള പ്രവർത്തനങ്ങൾ നൽകുകയും ചെയ്തു. ജ്യാമിതിയമൂലയിൽ റീത്ത ടീച്ചറുടെ കൂടെ കുട്ടികൾക്ക് കൊടുക്കുന്ന പ്രവർത്തനങ്ങളിൽ സഹായിക്കാനും, കുട്ടികൾക്ക് ജ്യാമിതിയ രൂപങ്ങളെക്കുറിച്ച് രസകരമായ പ്രവർത്തനങ്ങളിലൂടെ അറിവ് നിർമിക്കാനും എനിക്ക് കഴിഞ്ഞു. ഗണിതോത്സവത്തിന്റെ ഭാഗമാവാനും, എൽ.പി, യു.പി. തലത്തിലെ അധ്യാപകരെ സഹായിക്കാൻ കഴിഞ്ഞതിലും ഞാൻ അഭിമാനിക്കുന്നു. ട്രെയിനിംഗ് പൂർത്തിയാക്കിയതിനുശേഷം ഞങ്ങൾ അധ്യാപകർക്കും, കുട്ടികൾക്കും മധുരം നൽകുകയും, അവിടുത്തെ അധ്യാപകർ ഞങ്ങൾക്ക് തേയിലസൽക്കാരവും നടത്തി.



നല്ലൊരു മാതൃകാധ്യാപികയാവാനും, അടുത്തവർഷം യു.പി. ട്രെയിനിംഗ് എടുക്കാനായി മേപ്പറമ്പിലേക്ക് തന്നെ വരണമെന്നും ഞങ്ങളോടു പറഞ്ഞു. ട്രെയിനിങ്ങിനായി മേപ്പറമ്പ് സ്കൂൾ കിട്ടിയത് ഞങ്ങളുടെ ഭാഗ്യമായി കരുതുന്നു.

കവിത

# തീരാദുഃഖം



ഹസ്ന.ഐ.
D.Ed. 2nd Year

തിന്മ വിതറി നടന്നു മനുഷ്യർ
തെറ്റിന്റെ പുഴയിൽ നീന്തിയവർ
എന്തിനു ചെയ്‌വു നിങ്ങളീ-
തീരാത്ത പാപങ്ങൾ ചൊല്ലൂ
പലരുടേയും കണ്ണീരിന്റെ ശാപം നിന്റെ മേൽ!
ശാപത്തിന്റെ കറയും നിൻ ശരീരത്തിൽ!
വിളഞ്ഞീടുന്നീ മണ്ണിൽ പ്രതീകാരാഗ്നിയായ്
ആശയങ്ങൾ ഭ്രാന്തമുഖങ്ങളായ്
അതിൽ മുട്ടിത്തകരുന്നോരോ ജീവനും
യുദ്ധമായ് നരഹത്യയായ് ചിതറിത്തെറിച്ച
മാംസക്കഷ്ണമായീക്കപടമനസ്സുകൾക്കിടയിൽ
സ്ത്രീയുടെ കണ്ണീരിന്റെ വിലാപവും
അമ്പരന്നു നിൽക്കുന്നൊരിളം പൈതലും
വിധിയുടെ വിളയാട്ടത്തിനായ് ബാക്കിപാത്രം
നാം എന്തിനാണ് മനുഷ്യശരീരങ്ങൾ
എരിച്ചു കളയുന്നത്?
എന്തിനാണീ ക്രൂരത?
ആർക്കുവേണ്ടിയാണീ ക്രൂരത?
ഇതിനുത്തരം കിട്ടാത്തിടത്തോളം മായില്ല
മാലിന്യം നിറഞ്ഞ ഈ പാടുകൾ






## When I waiting for...

I want to see you every second,
This is what I feel within
I want to see you smile always
This is what I wish within
I want to see you winning in life's flare,
This is what I hope within
I want to see that you are with me forever
This is what I pray and care within
I want to say that I love you alot,
This is what I trouble within
I want to just hear from you the same,
This is what I am still waiting within...
Just to near from soon.



Sunila. P.E.
D.Ed. 1st Year

INSPIRE THE LEARNER

# LEARNING THROUGH
## ACTION RESEARCH...



Saritha. P.M.
D.Ed. II Year




Good teachers are reflective practitioners; they are aware of what is happening in the classroom. Action research is a tool which helps teachers to reflect upon their own experience and construct action plans with a view to tackling any problems or improving situations which they may find difficult. It is also a good means for professional development. Action research aims to contribute both to the practical concerns of people in an immediate problematic situation and to the goals of Social Science by joint collaboration within a mutually acceptable ethical frame work.

Action research programme was a different experience. From the first day of teaching practice, It was observing and finding the problem faced by VIIth class students. Action plan given was apt and a major increase could be found in reading and writing skill of students. The works given for pre-test and post test was really apt to the situation. Children made mistakes while writing compared to reading. Action research helped to find the difficulty of students. Every teacher should implement action research programme in their classroom as it helps in professional development.



ചാന്ദ്രദിനം




രശ്മി.എം.
1st Year


INSPIRE THE LEARNER

# അമ്പിളിയെ ചെന്ന് തൊട്ടപ്പോൾ

"1961 ജൂലായ് 21ന് പുലർച്ചെയാണ് മനുഷ്യൻ ചന്ദ്രനിലിറങ്ങിയത്. (അമേരിക്കയിലിത് ജൂലൈ 20 രാത്രിയാണ്). ആ മഹത്തായ സംഭവത്തിന്റെ 47-ാം വാർഷികമാണ് ഇന്ന്."

മഹത്തായ ചാന്ദ്രയാത്ര പലർക്കും ഇന്ന് ആവേശം കുറഞ്ഞ ഒരു പഴങ്കഥയാണ്. ചാന്ദ്രയാത്ര എന്ന മഹാസംഭവത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ നോക്കിക്കാണാനോ മനസ്സിലാക്കികൊടുക്കാനോ കഴിയാതെ പോയതു കൊണ്ടാണിത്.

കമ്പ്യൂട്ടറുകളോ വാർത്താവിനിമയ സംവിധാനങ്ങളോ വേണ്ടത്ര വികസിച്ചിട്ടില്ലാത്ത ഒരു കാലത്ത് ഒരു കൊച്ചുകൂട്ടിനുള്ളിൽ "നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ, മൈക്കേൽ കോളിൻസ്" എന്നീ ബഹിരാകാശ യാത്രികർ 366 അടി ഉയരമുള്ള 'സാറ്റേൺ 5' എന്ന പടുകൂറ്റൻ റോക്കറ്റിൽ കയറി ആകാശത്തിന്റെ അനന്തതയിലേക്ക് കുതിച്ച കഥ മാനവരാശിക്ക് കാലത്തോളം മറക്കാൻ കഴിയുന്നതല്ല. അപ്പോളോ 11 എന്ന ബഹിരാകാശവാഹനമാണ് സാറ്റേൺ 5-ഉംകൊണ്ട് കുതിച്ചത്. ആ യാത്രയിൽ മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തി. ഇതാണ് ചാന്ദ്രദിനമായി ആഘോഷിക്കപ്പെടുന്നത്.

ജൂലൈ 21 ചാന്ദ്രദിനത്തിന്റെ ഭാഗമായി ഞങ്ങളുടെ സ്കൂളിൽ (Kumarapuram GTTI (W) Palakkad) ഒരു ചാന്ദ്രദിനപരിപാടി സംഘടിപ്പിച്ചിരുന്നു. ചാന്ദ്രദിനത്തിന്റെ ഭാഗമായി ക്വിസ് മത്സരം നടത്തിയിരുന്നു. മോഡറേറ്ററുടേയും സയൻസ് ക്ലബ്ബ് അംഗങ്ങളുടേയും നേതൃത്വത്തിൽ നല്ല രീതിയിൽ തന്നെ പരിപാടികൾ നടന്നു. ആതിരയുടെ നേതൃത്വത്തിൽ ഒരു വീഡിയോ പ്രദർശനം ഉണ്ടായിരുന്നു.

മനുഷ്യൻ ചന്ദ്രനിലേക്ക് പോവുന്നതും പോയതിനുശേഷമുള്ള രംഗങ്ങൾ വീഡിയോയിലൂടെ കാണിച്ചിരുന്നു. മഹത്തായ / ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു ദിവസമാണ് ജൂലൈ 21 ചാന്ദ്രദിനം എന്നു പറയുന്നത്. ആ ഓർമകളെ ഒന്നുകൂടെ ഉണർത്താൻ ഈയൊരു വീഡിയോ പ്രദർശനത്തിലൂടെ കഴിഞ്ഞു. പരിപാടി ടീച്ചർമാരുടെ സഹായവും നല്ല രീതിയിൽ തന്നെ ലഭിച്ചിരുന്നു. ക്വിസ് മത്സരത്തിന് കുറച്ചു പേർക്ക് സമ്മാനം ലഭിച്ചിരുന്നു. നല്ല രീതിയിൽ തന്നെ ചാന്ദ്രദിനപരിപാടി സ്കൂളിൽ നടത്താൻ സാധിച്ചു.





INSPIRE THE LEARNER

കഥ

# ഉത്തരംകിട്ടാത്ത ചോദ്യങ്ങൾ



രമ്യ രാജീവ്
D.Ed, Ist year





നാം ജീവിതപാതയിൽ സഞ്ചരിക്കുമ്പോൾ എവിടെയൊക്കെയോ കുറേ മറന്നുപോയ മുഖങ്ങൾ ചിലപ്പോഴൊക്കെ ഓർക്കാൻ ശ്രമിക്കാറുണ്ട്. അതിൽ ഏറ്റവും കൂടുതൽ നമ്മെ സ്നേഹിച്ചവരുടേയും, നമ്മെ വഴക്കുപറഞ്ഞവരുടേയും ആണ്. അല്ലേ? ഈ വരികൾ എഴുതിക്കൊണ്ടിരിക്കുമ്പോൾ എന്റെ മനസ്സ് ഒരുപാട് അലയുന്നു.... എന്തോ എനിക്ക് അറിയില്ല. വല്ലാത്ത ഒരു നൊസ്റ്റാൾജിയ എന്തായിങ്ങനെ എന്നു ചിന്തിച്ചു. ജീവിതതാളുകളുടെ പിറകിലോട്ടു സഞ്ചരിച്ചപ്പോൾ എനിക്ക് എന്റെ ബാല്യകാലം ആണ് ഓർമ്മയിൽ ആദ്യം പൂത്തത്. എനിക്ക് 10 വയസ്സിൽ ആണ് ആദ്യത്തെ കൂട്ടുകാരിയെ ലഭിച്ചത്. അവളുടെ പേര് 'ഇന്ദുഷ'ന്നാണ്. എനിക്ക് ഇപ്പോഴും നല്ലവണ്ണം ഓർമ്മയുണ്ട്. കാരണം എനിക്ക് എട്ടാംക്ലാസ് വരെ അവളായിരുന്നു നല്ല ഒരു കൂട്ടുകാരി. ഞങ്ങളുടെ വീട്ടിൽ അവൾ വരുമായിരുന്നു എല്ലായ്പ്പോഴും.

ഞങ്ങളുടെ തറവാട് ഒരു പാമ്പുകാവും നാലുകെട്ടുള്ള ഒരു പഴയ പത്തായവും ചായ്പ്പും കുറേ മുറികളുമുള്ള ഒരു വീടാണ്. അവിടെ അമ്മാവൻമാരും അമ്മായിയും കുട്ടികളും, പിന്നെ ആചാരാനുഷ്ഠാനങ്ങൾ മുറുകെ പിടിക്കുന്ന അമ്മൂമ്മയും മുത്തച്ഛനും. വലിയ തൊടിയിൽ ഒരു വലിയ പാമ്പുകാവും ഉണ്ട്. ഇതൊക്കെ ഞാൻ സൂചിപ്പിക്കുന്നതിന് ഒരു കാരണമുണ്ട് 'ഇന്ദുഷ'. അവൾ ഒരു മുസ്ലിം കുട്ടിയായിരുന്നു. പണ്ടുകാലത്ത് വീട്ടിൽ അന്യജാതിക്കാർക്ക് പ്രവേശനമില്ലായിരുന്നു. അവൾ ഒരുവട്ടം വന്നപ്പോൾ അമ്മൂമ്മ താക്കീതുതന്നിരുന്നു. "കുട്ടി, ഇവിടെ അന്യജാതിയിലുള്ളവർക്ക് പ്രവേശനമില്ല എന്ന് അറിഞ്ഞുകൂടെ എന്ന്."

അപ്പോൾ എനിക്ക് ഒരുപാടു വിഷമവും വാശിയും ആയി. ഞാൻ അവളുടെ തലയിലെ തട്ട മാറ്റി. പിന്നീട് വീട്ടിൽ കൊണ്ടുവന്നു. എന്തോന്നോ അറിയില്ല. 'തട്ടം' മാറ്റിയതുകൊണ്ട് ആർക്കും അവളെ പിടുത്തം കിട്ടിയില്ല. പേരുമാറ്റി 'ഇന്ദു' അങ്ങനെഞാൻ ജാതിഭേദമെന്യെ ഒരു ബാല്യകാലം അനുഭവിച്ചു. കുറേ വർഷങ്ങൾക്കുശേഷം ഞാനും എന്റെ അമ്മയും അനിയത്തിയും അച്ഛന്റെ അടുക്കൽ പോയി സ്കൂൾ മാറ്റി ഞാൻ ഒരുപാടു കരഞ്ഞു. എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയെ പിരിയേണ്ടിവരുമല്ലോ എന്ന് ഓർത്ത്. പക്ഷേ അത് സംഭവിച്ചു. ഞാൻ പോയി... അങ്ങനെകാലം കടന്നുപോയി. അവളും ഞങ്ങളുടെ നാട് വിട്ട് ഏതോ നാട്ടിൽ പോയി. ഇപ്പോൾ ഞാൻ നാട്ടിൽ പോയപ്പോൾ അറിഞ്ഞു. പിന്നീട് ഒരിക്കലും ഇന്ദുഷയെ എനിക്ക് കാണാൻ കഴിഞ്ഞില്ല. ഇതുവരെയും...

ഇപ്പോഴും ഞാൻ വിചാരിക്കും, എവിടെയെങ്കിലും വെച്ചു കാണുമായിരുന്നെങ്കിൽ അവളോട് കുശലം ചോദിക്കുമായിരുന്നു. കുറേ ചോദ്യങ്ങൾ ചോദിക്കണമായിരുന്നു. പക്ഷേ, കണ്ടാൽ ഞാൻ തിരിച്ചറിയുമോ? അവൾക്ക് എന്നെ ഓർമ്മയുണ്ടാകുമോ? ഇപ്പോൾ എന്റെ പ്രിയ സുഹൃത്ത് എവിടെയായിരിക്കും? എന്ന ഒരുപാടു ചോദ്യങ്ങളുമായി ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ? പ്രിയസുഹൃത്തേ നീ എവിടെ....

(റിപ്പോർട്ട്)

# ചരിത്ര സ്മരണയുണർത്തിയ സ്വാതന്ത്ര്യദിനാചരണം



ഷറീന.എസ്.
D.Ed. 2nd Year

15.08.2016 തിങ്കളാഴ്ച ഗവ. ഐ.ടി.ഇ. ക്യാമ്പസിൽവെച്ച് സ്വാതന്ത്ര്യദിനാഘോഷം നടത്തി. സോഷ്യൽക്ലബ്ബിന്റെ നേതൃത്വത്തിലായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്. അസംബ്ലിയിൽ പതാക ഉയർത്തൽ ചടങ്ങ് നടന്നു. തുടർന്ന് മാർച്ച് പാസ്റ്റ് നടത്തി. അസംബ്ലിക്കുശേഷം സ്കൂൾ ഓഡിറ്റോറിയത്തിൽ മറ്റു പരിപാടികൾ നടന്നു. സ്കൂൾ പ്രിൻസിപ്പൾ ശ്രീമതി. കനകമണി ടീച്ചർ സ്വാതന്ത്ര്യദിനസന്ദേശം നൽകി. സോമൻസുന്ദരൻ സാർ, മോഹൻ സാർ, ജയലക്ഷ്മി ടീച്ചർ എന്നിവർ ആശംസ അറിയിച്ചു.

പിന്നീട് ഒന്നാംവർഷ വിദ്യാർത്ഥിനികളുടേയും രണ്ടാംവർഷ വിദ്യാർത്ഥിനികളുടെയും Wall Magazine പ്രകാശനം നടന്നു. പ്രിൻസിപ്പൾ 1st year ലെ മാഗസിൻ ദീപികയ്ക്കും 2nd yearലെ മാഗസിൻ ഷെറീനയ്ക്കും നൽകി പ്രകാശനം ചെയ്തു. അതിനുശേഷം സ്വാതന്ത്ര്യദിനം കൊച്ചുകുട്ടികളിൽ ഉണർത്തുന്ന ദേശബോധത്തെ കാണിച്ചുള്ള ഒരു ടാബ്ലോ 2nd year വിദ്യാർത്ഥിനികൾ സംഘടിപ്പിച്ചു. പിന്നീട് ദേശഭക്തിഗാനമത്സരം നടത്തി. നാടിനുവേണ്ടി വീരമൃത്യുവരിച്ച സ്വാതന്ത്ര്യസമരസേനാനികളെ പരിചയപ്പെടുത്തൽ മത്സരം ഉണ്ടായിരുന്നു. അതിനുശേഷം മോഹൻസാറുടെ നേതൃത്വത്തിൽ മൾട്ടിമീഡിയ ക്വിസ്മത്സരം നടന്നു. മത്സരത്തിൽ 2nd year സരിതയാണ് വിജയിയായി പ്രഖ്യാപിച്ചത്. അതിനുശേഷം സ്വാതന്ത്ര്യദിനമഹത്വവും അറിയിക്കുന്ന ഒരു ഡോക്യുമെന്ററി പ്രദർശനം ഉണ്ടായിരുന്നു. നസ്റിയ നന്ദിപറഞ്ഞതുകൂടി സ്വാതന്ത്ര്യദിനപരിപാടികൾ അവസാനിച്ചു.



കഥ

# മഴ പെയ്തൊഴിഞ്ഞ നേരം



നിഷ മോൾ.കെ.ബി.
1st D.Ed.



നനഞ്ഞു കുതിർന്ന മൺതിട്ടകളിലൂടെ ഞാൻ നടന്നുനീങ്ങുകയാണ്. ചുറ്റിലും പച്ചവിരിച്ച നെൽവയലുകളും അതിനടുത്തായി കളകളം പാടിയൊഴുകുന്ന കൊച്ചരുവികളുടെ ശബ്ദവും നിലയ്ക്കാതെ തുടർന്നുകൊണ്ടിരിക്കുന്നു. ചുറ്റിലും ഏകീകൃതമായി നിൽക്കുന്ന ഒരു അന്തരീക്ഷമായി തോന്നി. എങ്ങോ നിന്ന് വന്ന ഒരു കാറ്റിന്റെ തലോടലും എന്നെ തഴുകി പോകുന്നതുപോലെ എനിക്കു തോന്നി. എല്ലായിടത്തും വിസ്മയം പരക്കുന്ന ഗന്ധം മനസ്സിനെവല്ലാതെ കുളിർമ നൽകി. ദൂരെ ദൂരെ കൂവിപായുന്ന തീവണ്ടിയുടെ ശബ്ദതരംഗങ്ങൾ. കുന്നിനു മുകളിൽനിന്നു മാറി കളിക്കുന്ന മേഘങ്ങളെ നോക്കി പുഞ്ചിരിക്കുന്ന സൂര്യൻ എന്നിങ്ങനെ ലോകത്തെ സുന്ദരമണിയിച്ചിരിക്കുന്ന പ്രകൃതികളെയും ലാഘവത്തോടെ ഞാൻ നോക്കിനിൽക്കുകയായിരുന്നു. എപ്പോഴോ പെയ്തൊഴിഞ്ഞ മഴയെപോലെ മലകളാൽ മൂടപ്പെട്ടിരിക്കുന്ന മഞ്ഞുകണങ്ങൾ എന്നിലെ ഗാംഭീര്യം നിറഞ്ഞ വാക്കുകളോടെ വിളിക്കുന്നു. അല്ലയോ പുഷ്പമെ എത്ര സുന്ദരമാണീ ഭൂമിയിൽ എന്നതുപോലെ തണുപ്പിക്കുന്നതായിരുന്നു. മായാത്ത ഓർമ്മകളിൽ ഒതുങ്ങിപോയതുപോലെ എനിക്കു തോന്നി. അതോ എന്റെ മനസ്സിലെ ചിന്തകളാണോ ഇതെല്ലാം എന്റെ തോന്നൽ മാത്രമായി അവശേഷിക്കുന്നുവോ എന്ന് ഞാൻ ഭയന്നു. ഒരുപക്ഷേ ഇതെല്ലാം ഒരു മഴയിൽ അല്ലെങ്കിൽ പെൺ ശോഭയാർന്ന മഞ്ഞുകണങ്ങൾക്കിടയിൽ അലിഞ്ഞു തുടങ്ങിയോ എന്നുവരെ തോന്നി തുടങ്ങിയതുപോലെ.

കാർമേഘങ്ങൾക്കിടയിൽ നിന്നും ഈറനണിയിച്ച് ഇരമ്പിവരുന്ന മഴയുടെ കൊച്ചു കണ്ണികളെ ഞാൻ സൂക്ഷ്മതയോടെ നോക്കിനിന്നു. എത്ര സുന്ദരമായ നിർവൃതിയോടെയാണ് ഓരോ മഴത്തുള്ളികളും ഭൂമിയിൽ വന്നുപതിക്കുന്നത്. എന്നിട്ട് ഓരോ മഴത്തുള്ളി ഒന്നായി ചേർന്ന് അവരുടെ ഭാഗത്തായി ഒഴുകി മറഞ്ഞുപോയിക്കൊണ്ടിരുന്നു. എന്നാലും പുല്ലുകൾക്കിടയിൽ മഞ്ഞുകണങ്ങൾ താൻ എപ്പോഴാണ് വീണടിയാൻ പോകുന്നത് എന്ന മനോഭാവത്തിൽ നിൽക്കുന്നതുപോലെ തോന്നി. മൂടൽമഞ്ഞിൽ കണങ്ങളെ എത്രമാത്രം ലാഘവത്തോടെ പ്രകാശമയമാക്കി കാണാവുന്ന തരത്തിലായിരുന്നു. അതുകൊണ്ടുതന്നെ വിസ്മയിച്ചതുപോലെ എനിക്കു തോന്നിയത്.

നനഞ്ഞു കുതിർന്ന മൺതിട്ടകൾ എല്ലാംതന്നെ അവിടെനിന്ന് കുതിർന്ന് നിലംപതിച്ചിരുന്നത് ഞാൻ നോക്കിയിരുന്നില്ല. അതുപോലെ തന്നെയായിരുന്നുവോ എന്റെ സ്വപ്നങ്ങളും മറഞ്ഞുപോയിരിക്കുമോ എന്നു ഞാൻ ഭയന്നു. ഒരുപക്ഷേ ഇതെല്ലാം എന്നിൽനിന്നും അകന്നുപോയിരുന്ന തീരാത്ത മഴയുടെ സംഗീതംപോലെ എന്നിലെ സ്വപ്നത്തെ മറയ്ക്കുന്നതാണോ ഞാൻ മഴയിൽ പെയ്തിരുന്ന നേരത്ത് എന്നിൽ പെയ്തിറങ്ങിയ സ്വപ്നത്തിന്റെ നിറച്ചാർത്ത് മാത്രമായി എന്നും അവശേഷിക്കുന്നു. പെയ്തൊഴിഞ്ഞ മഴപോലെ നിലയ്ക്കാത്ത ശബ്ദതരംഗമായി...

റിപ്പോർട്ട്

## രാമാനുജനെഓർത്ത ഗണിതമേള



സുൽഫത്ത്.ടി.എസ്.
2nd DEd




22.12.2016 ഗണിത ശാസ്ത്രദിനത്തോടനുബന്ധിച്ച് കുമരപുരം ഗവ. ഐ.ടി.ഇ. (വനിത)യിൽ ഗണിതമേള സംഘടിപ്പിക്കുകയുണ്ടായി. ഒന്നാംവർഷ വിദ്യാർത്ഥിനികളും രണ്ടാംവർഷ വിദ്യാർത്ഥിനികളും പങ്കാളികളായിരുന്നു ഗണിതമേളയിൽ. ഈ ദിവസത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ രാമാനുജന്റെ ജന്മദിനമായതിനാൽ ഈ ദിവസത്തെ രാമാനുജദിനം എന്ന പേരിലും അറിയപ്പെടുന്നു. ഗണിതമേളയുടെ തുടക്കമെന്ന നിലയിൽ രാവിലെ അസംബ്ലിയിൽ ഇന്നത്തെ ചിന്താവിഷയം രാമാനുജനെക്കുറിച്ചായിരുന്നു സംസാരിച്ചിരുന്നത്. ആതിരയാണ് ഈ ചിന്താവിഷയം അവതരിപ്പിച്ചത്. തുടർന്ന് ഗണിതമേളയുടെ ഭാഗമായി ഗണിതക്ലബ്ബ് അംഗങ്ങൾ ഒരു പതിപ്പും മാഗസിനും തയ്യാറാക്കിയിരുന്നു. ഇവ രണ്ടും രാവിലെ അസംബ്ലിയിൽ ശ്രീമതി. കനകമണി ടീച്ചർ (പ്രിൻസിപ്പാൾ) പ്രകാശനം ചെയ്യുകയുണ്ടായി. അസംബ്ലിക്ക് ശേഷം ആദ്യത്തെ പിരിയഡ് ക്വിസ് മത്സരം നടത്തി. ഗണിതവുമായി ബന്ധപ്പെട്ട് നടന്ന ക്വിസ് മത്സരത്തിൽ 20 ചോദ്യങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. അതിൽ ഒന്നാംസ്ഥാനം രണ്ടാംവർഷ വിദ്യാർത്ഥിനിയായ മാലുഫ കരസ്ഥമാക്കി.

ശേഷം രണ്ടു ക്ലാസുകാരെയും ഉൾപ്പെടുത്തി ഗണിതമേള നടത്തി. ചാർട്ട് വർക്ക്, പസിൽ, ഗണിതോപകരണങ്ങൾ (on the spot) എന്നിവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. ഓരോ വർക്കും വേർതിരിച്ചാണ് നൽകിയിരുന്നത്. എല്ലാ വിദ്യാർത്ഥിനികളും അവർക്ക് വേണ്ട എല്ലാ സാമഗ്രികളുംകൊണ്ടാണ് വന്നിരുന്നത്. ഒരു മണിക്കൂർ സമയമാണ് പ്രവർത്തനത്തിനായി നൽകിയിരുന്നത്. ഒരുമണിയോടുകൂടി പ്രവർത്തനങ്ങളെല്ലാം അവസാനിപ്പിച്ചിരുന്നു. ഉച്ചയ്ക്കുശേഷം വിദ്യാർത്ഥിനികൾ ഉണ്ടാക്കിയ പ്രവർത്തനങ്ങൾ എക്സിബിറ്റ് ചെയ്തു. എക്സിബിഷന് കൗൺസിലർ ശ്രീമതി. മീനാക്ഷി മാഡവും അതിഥിയായി എത്തുകയുണ്ടായി. മാഡം വളരെ നല്ല അഭിപ്രായമാണ് നൽകിയിരുന്നത്. മാത്രമല്ല, പ്രോത്സാഹനവും തന്നിരുന്നു. ഓഫീസിലെ മറ്റു അംഗങ്ങളും വിദ്യാർത്ഥിനികളും എക്സിബിഷനു പങ്കെടുക്കുകയും ഫീഡ്ബാക്ക് എഴുതിത്തരുകയും ചെയ്തു.




വളരെ നല്ല അനുഭവമാണ് ഗണിതമേളയിലൂടെ ഞങ്ങൾക്ക് ലഭിച്ചത്. അധ്യാപക വിദ്യാർത്ഥികളായ ഞങ്ങൾക്ക് സ്കൂളിലേക്ക് പ്രവേശിക്കുന്നതിനു മുന്നോടിയായുള്ള ഒരു ട്രെയിനിംഗും കൂടിയാണ് കിട്ടിയത്.

GOVT. INSTITUTE OF TEACHER EDUCATION (M) PALAKKAD
INSPIRE THE LEARNER

റിപ്പോർട്ട്

# കാത്തിരിപ്പ്, വീണ്ടും ഒരു വസന്തകാലത്തിനായി



ആതിര.എം.
D.Ed. IV SEM

25.04.2016 ഒരു തിങ്കളാഴ്ച്ചയായിരുന്നു ഞങ്ങളുടെ 15 ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പിന്റെ തുടക്കം. അന്ന് 10.00 മണിക്കുമുമ്പ് തന്നെ എല്ലാവരും എത്തി. വലിയൊരു ബാഗുമായായിരുന്നു വരവ്. കൂടെ രക്ഷിതാക്കളും ഉണ്ടായിരുന്നു. മീറ്റിംഗ് കഴിഞ്ഞ് രക്ഷിതാക്കൾ മടങ്ങുമ്പോൾ പലവരുടേയും കണ്ണിൽ തീരാത്ത കണ്ണുനീർ മാത്രമായിരുന്നു. വീട്ടുകാരെ വിട്ട് പിരിയുന്ന വിഷമം. 15 ദിവസവും വ്യത്യസ്തമായ ക്ലാസ്സുകളായിരുന്നു. ഓരോ ക്ലാസ്സും ഞങ്ങൾ ഓരോരുത്തരിലും മാറ്റങ്ങൾ സൃഷ്ടിച്ചു. പലവരുടെയും വ്യത്യസ്തമാർന്ന കഴിവുകൾ തെളിയിച്ചത് ഈ ക്യാമ്പിലായിരുന്നു. സത്യം പറഞ്ഞാൽ ഞങ്ങൾ ഓരോരുത്തരും പ്രായത്തെ മറന്നായിരുന്നു ഈ ക്യാമ്പ് ആസ്വദിച്ചിരുന്നത്. ഓരോ അധ്യാപകരുടേയും ക്ലാസ്സുകൾ വ്യത്യസ്ത രീതിയിലായിരുന്നു. ഞങ്ങളെ ആകർഷിച്ച ക്ലാസ്സായിരുന്നു ഗിരീഷ് സാറുടേത്. ആദ്യം പേടിച്ചിരുന്ന ഞങ്ങൾ നല്ല ആക്ടീവ് ആകുകയും (സാറുടെ ക്ലാസ് കഴിയുമ്പോഴേയ്ക്കും) മടികൂടാതെ കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞിരുന്നു. അതുപോലെ മറ്റൊരു ക്ലാസ് ക്ലാസ്സായിരുന്നു രവിസാറുടെ നാടക ക്ലാസ്. ഓരോരുത്തർക്കും അഭിനയിക്കാനുള്ള കഴിവ് തെളിയിച്ചത് ഈ ക്ലാസ്സിൽ ആയിരുന്നു. സീരിയൽ ആക്ടറായ സുനിൽസാറുടെ മുന്നിൽ ഞങ്ങളുടെ കഴിവുകൾ കാഴ്ചവെയ്ക്കാൻ അവസരം ലഭിച്ചിരുന്നു. അതുപോലെ മറ്റൊരു ക്ലാസ് കൂടിയായിരുന്നു ജനാർദ്ദനൻ പുതുശ്ശേരി സാറുടെ നാടൻപാട്ടിന്റെ ക്ലാസ്സ്. ചെണ്ടമേളം, മയിലാട്ടം, തെയ്യം തുടങ്ങിയ രൂപങ്ങളുടെ കൂടെ ഡാൻസ് കളിക്കാൻ അവസരം ലഭിച്ചു. ഇവിടെ ഞങ്ങൾ പ്രായത്തെ മറന്നായിരുന്നു ക്ലാസ്സ് ആസ്വദിച്ചിരുന്നത്. അന്ന് ക്യാമ്പിന്റെ അവസാനദിവസം കൂടിയായിരുന്നു. 08.05.2016 ഓരോ മിനിറ്റ് അവസാനിക്കുമ്പോഴും ഞങ്ങൾ ഓരോരുത്തരുടെയും ഹൃദയമിടിപ്പ് കൂടുകയായിരുന്നു. കാരണം 15 ദിവസം ഒറ്റ കുടുംബമായിരുന്ന ഞങ്ങൾ പല കുടുംബമായി വേർതിരിയാൻ പോവുന്നു. വീണ്ടും ആ കണ്ണുനീർ പലവരുടെയും കണ്ണുകളിൽനിന്നും അടർന്നുവീണു.



റിപ്പോർട്ട്

# നടയടിയോർമിപ്പിച്ച് വെൽക്കം ഡേ



ജസ്ന.ജെ.
D.Ed. 1st Year



| | | |
|---|---|---|
| ഉദ്ഘാടനം | - | പ്രിൻസിപ്പാൾ കനകമണി ടീച്ചർ |
| മോഡറേറ്റർ | - | രശ്മി |
| സ്വാഗതം | - | സുൽഫത്ത് |
| നന്ദി | - | പ്രീത |
| ദിവസം | - | 08.07.2016 |

08.07.2016 ഈശ്വരപ്രാർത്ഥനയോടെ തന്നെ ആരംഭിച്ചു. ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് പ്രിൻസിപ്പാൾ കനകമണി ടീച്ചറായിരുന്നു. ഞങ്ങളെ എല്ലാവരും സ്വാഗതം ചെയ്തത് സുൽഫത്തായിരുന്നു. ഓരോരുത്തരേയും വിളിച്ച് മിഠായി തരുകയും ചെയ്തു. അതികഴിഞ്ഞ് അവരുടേതായ ചില കുസൃതികൾ ഞങ്ങളെക്കൊണ്ട് അവതരിപ്പിച്ചു. എനിക്ക് കിട്ടിയത് കുട്ടികളെപോലെ പാട്ടുപാടാനാണ്. അങ്ങനെഓരോരുത്തർക്കും ചായവയ്ക്കാനും നൂൽപാലത്തിലൂടെ നടത്താനും Photo Focus എന്നിങ്ങനെകുറേ തരത്തിൽ ആക്ടിംഗ് ചെയ്യിപ്പിച്ചു.

പിന്നീട് ഉച്ചയ്ക്കുശേഷം റംസാൻ പരിപാടികൾ ഉണ്ടായിരുന്നു. പെരുന്നാളിന്റെ മഹത്വത്തെക്കുറിച്ച് ഷഹീദ ഒരു പ്രസംഗം അവതരിപ്പിച്ചു. ഞാനും ഒരു പ്രസംഗം അവതരിപ്പിച്ചെങ്കിലും അത് ഫലവത്താക്കാൻ സാധിച്ചില്ല. ഒരു മൈലാഞ്ചി മത്സരവും ഉണ്ടായിരുന്നു. അതിൽ ഷഹീദ ഇട്ടുകൊടുത്ത എന്റെ കൈയ്ക്കായിരുന്നു ഫസ്റ്റ് ഉണ്ടായിരുന്നത്. പിന്നീട് പ്രീത നന്ദിപറഞ്ഞ് ഔപചാരികമായി അവസാനിച്ചു.





റിപ്പോർട്ട്

# കൊതിയൂറും നാടൻരുചികൾ...



ബസരിയ.പി.എം.
D.Ed. 1st year



ഗവൺമെന്റ് ടി.ടി.ഐ. പാലക്കാടിലെ ഒന്നാംവർഷ വിദ്യാർത്ഥിനികളും രണ്ടാംവർഷ വിദ്യാർത്ഥിനികളും ചേർന്ന് നാടൻ ഭക്ഷ്യമേള സംഘടിപ്പിച്ചു. മേള പ്രിൻസിപ്പാൾ ശ്രീമതി. കനകമണി ടീച്ചർ വിഭവങ്ങൾ രുചിച്ച് നോക്കി ഉദ്ഘാടനം ചെയ്തു. പ്രകൃതിയിൽനിന്നും ലഭിക്കുന്ന നാട്ടിൻപുറങ്ങളിലെ നാടൻരുചികൾ ആസ്വദിക്കാൻ ഏവർക്കും ഭക്ഷ്യമേളയിലൂടെ സാധിച്ചു. ഇലക്കറികളും, സാലഡുകൾ, പഴങ്ങൾ, വിവിധ ധാന്യങ്ങൾകൊണ്ടുള്ള വിഭവങ്ങൾ മേളയുടെ രുചി കൂട്ടി. അധ്യാപകരും വിദ്യാർത്ഥികളും പരസ്പരം രുചിച്ചുനോക്കി വിഭവങ്ങളുടെ പ്രത്യേകതകൾ പങ്കുവച്ചു. കുമ്പളപ്പം, അവിയൽ, മധുരപലഹാരങ്ങൾ എന്നിവ മേളയിൽ വേറിട്ടുനിന്ന വിഭവങ്ങളാണ്.





കവിത

# വിശ്വദീപം



ഷിജി.വി.
D.Ed. 1st Year

വിജ്ഞാനലോകത്തിൻ വിദ്യ നുകരുന്ന
വിശ്വദീപത്തെ കണ്ടുവോ നീ
കലാലയ കഴിവിനെകൈപിടിച്ചുയർത്തിയ
വിശ്വദീപത്തെ കണ്ടുവോ നീ
വിദ്യ നുകരുന്ന ഗുരുവിന്റെ സന്ദേശം
വിദ്യാർത്ഥികളാം നമുക്ക് സ്വന്തം
പൊഴിയുന്ന പൂവിതൾ പോലെയെൻ
സൗഹൃം മൺമറഞ്ഞിടുന്നതോർത്തിടുന്നു
അകലില്ല അണയില്ല എൻ വിശ്വദീപം
അണയാത്ത ദീപമായ് മാറിടട്ടെ...



കവിത

# കാത്തിരിപ്പ്



സിനിമോൾ.കെ.

**ജീവിതത്തിൽ എല്ലാവരും എന്തിനൊക്കെ-
യോ വേണ്ടി കാത്തിരിക്കുന്നു... കടൽ
കരപോലും കടൽ തിരകൾക്കായ് കാത്തിരിക്കുന്നു
കിട്ടില്ല എന്നറിഞ്ഞിട്ടും പലതിനു-
വേണ്ടിയും നാം എല്ലാവരും
കാത്തിരിക്കാറുണ്ട്...
കാത്തിരിപ്പ് പലപ്പോഴും
നമ്മുടെ സ്വപ്നങ്ങളിൽ മാത്രം ഒതുങ്ങാറുണ്ട്...
കാത്തിരിപ്പിന് ഒരു പ്രത്യേക സുഖമുണ്ട്...
പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു സുഖം...**



# മതസൗഹൃദത്തിൽ ക്രിസ്മസ് ആഘോഷം



ഷിനി.എം.
1st Year

23.12.2016

ഉദ്ഘാടനം : കനകമണി ടീച്ചർ
മോഡറേറ്റർ : രശ്മി
സ്വാഗതം : ശ്രീമതി
നന്ദി : ദീപിക

23.12.2016ന് 10 മണിക്ക് ക്രിസ്മസ് ആഘോഷത്തിന് പ്രിൻസിപ്പാൾ കനകമണി ടീച്ചർ ഉദ്ഘാടനത്തോടെ തുടക്കംകുറിച്ചു. ഈശ്വരപ്രാർത്ഥനയോടെയാണ് പരിപാടികൾക്ക് തുടക്കംകുറിച്ചത്. വളരെ ഗംഭീരമായിരുന്നു. തുടക്കം 1st Year ഷെറീൻ, ബിനി എന്നിവർ ക്രിസ്മസ് ദിവസത്തിന്റെ പ്രത്യേകതയെക്കുറിച്ച് പറഞ്ഞു. ക്രിസ്മസ് അപ്പൂപ്പനായി ബസറിയ വേഷമണിഞ്ഞു. വളരെ നന്നായിരുന്നു. കരോൾഗാനത്തോടുകൂടി ക്രിസ്മസ് അപ്പൂപ്പനെവരവേറ്റു. മിഠായി വിതറിയാണ് ക്രിസ്മസ് അപ്പൂപ്പൻ വന്നത്. അദ്ദേഹം ക്രിസ്മസ് ദിനത്തെക്കുറിച്ച് പറയുകയുണ്ടായി. പിന്നീട് കനകമണി ടീച്ചർ കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷിച്ചു. എല്ലാവർക്കും കേക്ക് വിതരണം ചെയ്തു. സിനിമാഗാനത്തോടെയും ഡാൻസോടെയും ക്രിസ്മസ് ആഘോഷിച്ചു. ദീപിക നന്ദിപറഞ്ഞ് പരിപാടി അവസാനിപ്പിച്ചു.



കവിത

# നിന്നെ ഓർക്കുന്ന നേരം




സുനില.പി.ഇ.
1st Year




ഓർമ്മകൾ എൻമനസ്സിൽ
ഓളങ്ങളായ് നിറയുമ്പോൾ
നീയാകും സൗന്ദര്യത്തിന്
ഞാനെന്റെ മനസ്സിൽ ഒരു ഊഞ്ഞാലുകെട്ടുന്നു.
കാണുവാൻ നിനക്കു കൊതിയില്ലേ...?
കണ്ടാൽ നീ പുഞ്ചിരിക്കാറില്ലേ....?
നിൻ ഹൃദയം ഞാനറിയുന്നു.
ഒരു കൊടുങ്കാറ്റടിച്ചാലുമീ,
ഒടുങ്ങാത്ത തീരാത്ത സ്നേഹം
ഞാനെന്നോ ഏറ്റുവാങ്ങിയില്ലേ?
എന്നിട്ടുമെന്തിനീ മൗനം!
കാണുന്ന നേരത്ത് കണ്ണിൽ നോക്കി
നിൻ കുയിൽ നാദമൊന്നു കേൾക്കാൻ
ആ പാട്ടുകേൾക്കാൻ
എങ്കിലും സഖീ....
ഞാൻ നിന്നെയോർത്ത് വിങ്ങുന്ന
മനസ്സിൽ മാത്രം പാടിതീർക്കുന്നു
വീണ്ടും



INSPIRE THE LEARNER



ആതിര.കെ.
2nd year

ലേഖനം

# വിദ്യാഭ്യാസം, വിദ്യാലയം, അധ്യാപനം – കേരളത്തിൽ



നാം എത്രയോ ഭാഗ്യവാൻമാരും ഭാഗ്യവതികളുമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസം എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ കഴിയുന്ന സംസ്ഥാനം. പലയിടങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളും പദ്ധതികളും ഏറെ മെച്ചപ്പെടുന്നതേയുള്ളൂ. നമ്മുടെ കേരളത്തിന് പാരമ്പര്യത്തിലൂന്നിയ വിദ്യാഭ്യാസമാണ് ഉള്ളത്. ഗുരുകുല വിദ്യാഭ്യാസത്തിൽ തുടങ്ങി ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ സ്വയം പഠിക്കുന്ന രീതിയിൽ എത്തിനിൽക്കുകയാണ് ഇന്ന്. മറ്റ് സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ ഉയർന്ന സാക്ഷരത നിരക്ക് നമുക്ക് മാത്രം സ്വന്തം.

ഇന്ന് അധ്യാപനമേഖല തൊഴിലിനായി തിരഞ്ഞെടുക്കുന്നതിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്. കാരണം മറ്റൊന്നുമല്ല. കുട്ടികളെ സ്നേഹിക്കുന്നതിൽ കൂടുതൽ കഴിവുള്ളത് സ്ത്രീകൾക്കാണ്. കൂടാതെ സമൂഹം ആദരിക്കുന്ന ജോലി കൂടിയാണ് ഇത്. മെച്ചപ്പെട്ട വേതനം, വീടിനടുത്ത് ജോലികിട്ടാനുള്ള സാധ്യത, കായികാധ്വാനം കുറവ് തുടങ്ങിയ കാരണങ്ങളാണ് സ്ത്രീകൾ ഈ ജോലി തെരഞ്ഞെടുക്കാനുള്ള കാരണം.

വിദ്യാലയം സാമൂഹ്യ സ്ഥാപനമാണ്. സമൂഹത്തിന്റെ ഇച്ഛകളും കാഴ്ച്ചപ്പാടുകളും വിദ്യാഭ്യാസരീതിയിൽ പ്രതിഫലിക്കുന്നു. ഭാവി സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതിയും വിഷയമേഖലകളും തീരുമാനിക്കുന്നത്. മനുഷ്യവിഭവത്തെ വാർത്തെടുക്കുന്ന പ്രക്രിയയാണ് പൊതുവിദ്യാഭ്യാസത്തിലൂടെ നിർവഹിക്കപ്പെടുന്നത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം നിർണ്ണയിക്കുന്നതു മുതൽ പാഠപുസ്തകങ്ങളുടെ രൂപകല്പന, വിലയിരുത്തൽ രീതി, ബോധനരീതി, വിദ്യാലയങ്ങളുടെ നടത്തിപ്പ് എന്നിവയിലെല്ലാം സമൂഹശാസ്ത്ര കാഴ്ചപ്പാടുകളുടെ സ്വാധീനമുണ്ടായിരിക്കും.

വിദ്യാഭ്യാസം വ്യക്തിയുടെ സർവതോന്മുഖമായ വികാസം ലക്ഷ്യംവെയ്ക്കുന്നു. വ്യക്തിത്വ വികാസത്തിനുള്ള ഉപാധിയാണ് വിദ്യാഭ്യാസം. ഓരോ സമൂഹത്തിലെയും വിദ്യാഭ്യാസ സംവിധാനങ്ങളും രീതികളും തീരുമാനിക്കപ്പെടുന്നത് അവിടങ്ങളിലെ സാമൂഹ്യക്രമങ്ങളെയും രീതികളെയും അടിസ്ഥാനമാക്കിയാണ്. സമൂഹത്തിന്റെ മൂല്യബോധവും ഭാവിയെക്കുറിച്ചുള്ള സങ്കല്പങ്ങളും വിദ്യാഭ്യാസരീതി ആസൂത്രണം ചെയ്യുന്നതിനെ സ്വാധീനിക്കുന്നു.

കുടുംബം, മതം എന്നിവയായിരുന്നു ആദ്യകാലത്ത് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിരുന്നത്. എന്നാൽ ഇന്നാകട്ടെ സ്വകാര്യവ്യക്തികളും ഗവൺമെന്റും ഈ മേഖലയിലെ പ്രധാനപ്പെട്ട ഏജൻസികളായി തീർന്നിരിക്കുന്നു. ഔപചാരിക ഏജൻസികളും അനൗപചാരിക ഏജൻസികളും വിദ്യാഭ്യാസത്തിലുണ്ട്. ഔപചാരിക ഏജൻസികൾ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ളവയാണ്.

നമ്മുടെ വിദ്യാഭ്യാസ പരിപാടികളും പ്രവർത്തനങ്ങളും നയങ്ങളും രൂപപ്പെടുത്തുന്നത് സുസ്ഥിര വികസനസങ്കല്പത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. നമ്മുടെ എല്ലാ വിദ്യാലയത്തെയും സുസ്ഥിര വികസനക്യാമ്പസാക്കി മാറ്റണം.

# യുദ്ധവിരുദ്ധദിനം യുദ്ധത്തിനെതിരെ



അക്ഷയ.എസ്.
'I - D.Ed.

INSPIRE THE LEARNER

## കാര്യപരിപാടികൾ

വാൾ മാഗസിൻ പ്രകാശനം
ക്വിസ് മത്സരം
ഡോക്യുമെന്ററി പ്രദർശനം



ഓഗസ്റ്റ് 9-ാം തിയ്യതി യുദ്ധവിരുദ്ധദിനത്തിന്റെ ഭാഗമായി സ്കൂൾ അസംബ്ലിയിൽവെച്ച് സ്പോട്ട് ക്വിസ് നടത്തുകയും അതിൽ വിജയിച്ചവരെ അപ്പോൾതന്നെ സമ്മാനം നൽകുകയും അനുമോദിക്കുകയും ചെയ്തു. പോസ്റ്റർമത്സരം നടത്തി. അഞ്ചാം ഗ്രൂപ്പിനാണ് ഫസ്റ്റ് ലഭിച്ചത്. ഉച്ചയ്ക്കുശേഷം യുദ്ധവിരുദ്ധദിനത്തിന്റെ ഭാഗമായി ഡോക്യുമെന്ററി പ്രദർശനവും ക്വിസ്മത്സരവും നടന്നു. ക്വിസ്മത്സരത്തിലെ വിജയി സെക്കന്ററിയിലെ പ്രജിത എന്ന വിദ്യാർത്ഥിയായിരുന്നു. യുദ്ധവിരുദ്ധ മനോഭാവം രൂപ്പെടുത്തുന്നതിന് പറ്റിയ പ്രവർത്തനങ്ങളായിരുന്നു സംഘടിപ്പിച്ചത്.



റിപ്പോർട്ട്



ശരണ്യ. ഇ. എസ്

# സർഗാത്മക പ്രകടനത്തിന്റെ കലോത്സവം

അധ്യാപക വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് ഐ.ടി.ഇ.യിൽ കലോത്സവം നടത്തിയത്. അതിവിപുലമായി കലോത്സവം അരങ്ങേറി.

06.08.2016ന് സ്റ്റേജിതര മത്സരങ്ങളും 16.08.2016ന് സ്റ്റേജ് മത്സരങ്ങളും നടന്നിരുന്നു. രണ്ട് ദിവസങ്ങളിലായാണ് കലോത്സവം നടന്നത്.

| | | |
|---|---|---|
| സ്റ്റേജിതര മത്സര ഇനങ്ങൾ | - | കവിതാരചന, കഥാരചന, ഉപന്യാസരചന, ചിത്രരചന, ജലഛായം തുടങ്ങിയവയായിരുന്നു. |
| സ്റ്റേജിനങ്ങൾ | - | കവിതാലാപനം, ലളിതഗാനം, മാപ്പിളപ്പാട്ട്, പ്രസംഗം, പ്രഭാഷണം, മോണോആക്ട്, സംഘഗാനം, ദേശഭക്തിഗാനം എന്നിവയായിരുന്നു. |

കഴിഞ്ഞവർഷത്തേക്കാൾ വളരെ വിപുലമായാണ് ഈ വർഷം കലോത്സവം കൊണ്ടാടിയത്.

മുഴുവൻ വിദ്യാർത്ഥികളുടേയും പങ്കാളിത്തത്തോടെ ഗംഭീരമായിതന്നെ കലോത്സവം അരങ്ങേറി. ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിലാണ് പരിപാടികൾ നടന്നത്. ഔദ്യോഗിക ഉദ്ഘാടനത്തോടെതന്നെയാണ് പരിപാടികൾ ആരംഭിച്ചത്. എല്ലാവരും നല്ല പ്രകടനം തന്നെയാണ് കാഴ്ചവച്ചത്. മികച്ച പ്രകടനം കാഴ്ച്ചവെച്ചവർക്ക് സമ്മാനദാനം നടത്തി അവരെ പ്രോത്സാഹിപ്പിച്ചു.



യാത്രാവിവരണം

# സ്പെഷ്യൽ എഡ്യുക്കേഷൻ ശ്രവണ സംസാര വിദ്യാലയ സന്ദർശനം



അഞ്ജന
D.Ed. 2nd year

ഞങ്ങളുടെ ജി.ടി.ടി.ഇ.യിൽനിന്നും ഞങ്ങൾ ഒരു യാത്രപോവുകയുണ്ടായി. യാക്കരയിലെ ശ്രവണ സംസാര വിദ്യാലയം സന്ദർശിക്കുവാൻ D.Ed. 2nd yearലെ വ്യക്തിവ്യത്യാസം എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ സ്കൂൾ വിസിറ്റ് ചെയ്യുവാനായി 22.07.2016 വെള്ളിയാഴ്ചയാണ് ഞങ്ങൾ പോയത്. ഞങ്ങൾ 21 വിദ്യാർത്ഥികളും സോമൻസാറും ഉണ്ടായിരുന്നു. ഞങ്ങൾ 9.30ന് വിദ്യാലയത്തിൽ എത്തി. അവിടുത്തെ പ്രധാനാധ്യാപികയെ കാണുകയും സംസാരിക്കുകയും ചെയ്തു. ആ അധ്യാപിക വിദ്യാലയം തുടങ്ങുവാൻ കാരണമായ സാഹചര്യം ഞങ്ങളുമായി പങ്കിടുകയുണ്ടായി. ആ അധ്യാപികയുടെ മകൾക്ക് കേൾവിശക്തിയില്ല. തന്റെ മകളെ ഒരു വിദ്യാലയത്തിൽ ചേർക്കുവാൻ പോയപ്പോൾ താൻ അനുഭവിച്ച വേദനയാണ് ഇങ്ങനെഒരു വിദ്യാലയം തുടങ്ങുവാൻ പ്രേരിപ്പിച്ചതെന്ന് അധ്യാപിക പറഞ്ഞു.

ഇത്തരത്തിൽ വൈകല്യമുള്ള കുട്ടികൾക്കും സമൂഹവുമായി ഇടപഴകുവാനും, പഠിക്കുവാനും ഉയരങ്ങളിലെത്തുവാനും സാധിക്കണം. അതിനായി തുടങ്ങിയ ഒരു വിദ്യാലയമാണത്. വൈകല്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്കും ഉയരങ്ങളിൽ എത്താം എന്നതിന് ഒരു ഉദാഹരണമാണ് ആ അധ്യാപികയുടെ മകൾ. ചെവികേൾക്കാത്തതുകൊണ്ട് ഒതുങ്ങികൂടാനല്ല ജീവിതം എന്നതു മനസ്സിലാക്കിയതുകൊണ്ടാവാം പഠിക്കുകയും തന്റെ കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ആ മകൾ ഒരു വിദ്യാലയത്തിലെ അധ്യാപികയാണ്.

ആ വിദ്യാലയത്തിൽ കേൾവിശക്തി ഇല്ലാത്ത കുട്ടികൾ ആണ്. അതുകൊണ്ടുതന്നെ കുട്ടികൾ സംസാരിക്കുകയുമില്ല. എന്നാൽ ഓരോ ക്ലാസ്സ് കഴിയുമ്പോഴും കുട്ടികളിൽ മാറ്റം കാണുന്നുണ്ട്. അവർ സംസാരിക്കുന്നുണ്ട്. അധ്യാപകർ കുട്ടികൾക്ക് മനസ്സിലാകും വിധത്തിൽ ആണ് പഠിപ്പിക്കുന്നത്. കുട്ടികളെ സംസാരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അധ്യാപകർ പഠിപ്പിക്കുന്നത്.

എനിക്ക് വലിയ ഒരു അനുഭവംതന്നെയാണ് ആ വിദ്യാലയം സന്ദർശിച്ചത്. ഇത്തരത്തിൽ ഉള്ള കുട്ടികളുമായി കുറച്ചുനേരം പങ്കിടുവാൻ സാധിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമാണ് തോന്നിയത്. അവിടുത്തെ കുട്ടികൾക്കും ഞങ്ങളെ കണ്ടതിൽ വളരെ സന്തോഷം തോന്നി. ഞങ്ങൾ ചോദിക്കുന്ന കാര്യങ്ങൾ അവർക്ക് മനസ്സിലാകുന്നുണ്ട്. ആംഗ്യം ഉപയോഗിക്കുമ്പോൾ അവർക്ക് മനസ്സിലാവുകയും മറുപടി പറയുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

ഏതു വൈകല്യമുള്ള കുട്ടികൾക്കും അവരുടേതായ കഴിവുകൾ ഉണ്ട്. അത് നാം കണ്ടില്ലെന്ന് നടിക്കരുത്. അവരെ നാം അവഗണിക്കരുത്. അവരുടെ കഴിവ് തിരിച്ചറിഞ്ഞ് ആ കഴിവ് വികസിപ്പിക്കുവാനാണ് ഒരധ്യാപികയ്ക്ക് സാധിക്കേണ്ടത്. അതാണ് ആ അധ്യാപികയുടെ വിജയം...




INSPIRE THE LEARNER

ലേഖനം

# കണക്കിന്റെ കളി...



സോണിയ.കെ.
D.Ed. 2nd year



ഗണിതത്തിലെ പിന്നാക്കാവസ്ഥ, മിക്ക സ്കൂളുകളിലും അനുഭവപ്പെടുന്ന പ്രധാന പ്രശ്നമാണ്. കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും ഹരിക്കാനും മിക്ക കുട്ടികൾക്കും അറിയുന്നില്ല. 1-7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗണിതത്തിലെ ചതുഷ്ക്രിയകൾ പരിചിതമല്ലെങ്കിൽ പിന്നെ എപ്പോഴാണ് അവർ കണക്കുകൾ ചെയ്യാൻ പഠിക്കുക! എന്ന ഒരു ചോദ്യമാണ് ഉയരുന്നത്. ഒന്നാംക്ലാസ്സിൽ പഠിക്കേണ്ട കാര്യങ്ങൾ ഒന്നാം ക്ലാസ്സിൽവച്ച് തന്നെ പഠിക്കണം. പഠിക്കേണ്ട കാര്യങ്ങൾ പഠിച്ചു എന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ അടുത്ത ക്ലാസ്സിലേക്ക് പ്രവേശനം നൽകാൻ പാടുള്ളൂ എന്ന ഒരു നിയമമാണ് ക്ലാസ്റൂമിലും സ്കൂളുകളിലും നടപ്പിലാകേണ്ടത്.

പല കുട്ടികൾക്കും ഗണിതം എന്നത് ഭയമുള്ള ഒരു വിഷയമാണ്. മാത്രമല്ല, ക്ലാസ്സിൽ മടുപ്പുളവാക്കുന്ന വിഷയമാണ്. അതേസമയം പല കുട്ടികൾക്കും ഗണിതം വളരെ രസകരവും താത്പര്യമുള്ള വിഷയവുമാണ്. എന്തുകൊണ്ടാണ് കുറച്ചുപേർക്ക് ഗണിതത്തിൽ ബുദ്ധിമുട്ടും താത്പര്യക്കുറവും എന്ന് അധ്യാപകർ പരിഹാരം കാണേണ്ട പ്രശ്നമാണ്. എങ്ങനെയാണ് ഗണിതത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടത്? ഏത് മാർഗമാണ് സ്വീകരിക്കേണ്ടത് എന്നത് അധ്യാപകർക്കുള്ള ചോദ്യമാണ്. ഗണിതം രസകരമാക്കാൻ അധ്യാപകർക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. പല അധ്യാപകരും അത് പരിഹരിക്കാൻ തയ്യാറാകാത്തതാണ് ഗണിതത്തിലെ പിന്നാക്കാവസ്ഥയ്ക്ക് കാരണം. മാത്രമല്ല, ചതുഷ്ക്രിയകൾ അറിയാതെയാണ് കുട്ടികൾ ഉയർന്ന ക്ലാസ്സുകളിലേയ്ക്ക് പ്രവേശനം നേടുന്നത്. 10-ാം ക്ലാസ് എത്തിയിട്ടുപോലും ക്രിയകൾ ശരിയായി ചെയ്യാൻ കഴിയാത്ത കുട്ടികൾ ഉണ്ട്. ട്രെയിനിംഗിൽ അനുഭവപ്പെട്ട പ്രധാനപ്രശ്നം കുട്ടികൾക്ക് ചതുഷ്ക്രിയ ചെയ്യാൻ അറിയില്ല എന്നതാണ്. മാത്രമല്ല, സ്ഥാനവില അറിയാത്ത പ്രശ്നം ഉണ്ട്. ഇതെല്ലാംതന്നെ എൽ.പി, യു.പി. ക്ലാസുകളിൽവെച്ച് പരിഹരിക്കപ്പെടേണ്ടതാണ്. ഇനിവരുന്ന അധ്യാപകരെങ്കിലും ഗണിതത്തിൽ പിന്നാക്കാവസ്ഥ സൃഷ്ടിക്കാതെ കുട്ടികൾക്ക് രസകരവും താത്പര്യജനകവുമായ വിഷയമാക്കി മാറ്റണമെന്ന ഒരു ദൃഢപ്രതിജ്ഞ മനസ്സിലുണ്ടാകണം. ഗണിതം രസകരമായ ഒരു വിഷയമാക്കി തീർക്കാൻ ശ്രമിക്കണം. ഗണിതം എന്നത് എളുപ്പവും രസകരുവം കുട്ടികൾക്ക് താത്പര്യമുള്ള ഒരു വിഷയമാകട്ടെ....





റിപ്പോർട്ട്

# നാട്ടുരുചി



രശ്മി.കെ.
D.Ed. 2nd year

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് ആഹാരം. അതിനാൽ ആഹരം തിരഞ്ഞെടുക്കുന്ന കാര്യത്തിൽ നാം നിഷ്കർഷയും വിവേചനവും പുലർത്തിയേ തീരൂ.

20.10.2016 വ്യാഴാഴ്ച ഞങ്ങളുടെ ക്യാമ്പസിൽ ഒരു പാചകമേള നടത്തുകയുണ്ടായി. വളരെ വ്യത്യസ്തവും, രുചികരവും, ആരോഗ്യപ്രദവുമായ ഭക്ഷണ പദാർത്ഥങ്ങളാണ് ഓരോ കുട്ടികളും തയ്യാറാക്കി വന്നത്. ഞങ്ങളുടെ ക്യാമ്പസിലെ 50 കുട്ടികളും വ്യത്യസ്തമായി പ്രകൃതിയിൽ നിന്നും ലഭിച്ച വസ്തുക്കൾക്കൊണ്ട് തയ്യാറാക്കിയ ഭക്ഷണ പദാർത്ഥങ്ങളാണ് കൊണ്ടുവന്നത്. അധ്യാപകരും അനധ്യാപകരും ഭക്ഷണ പദാർത്ഥങ്ങൾ രുചിച്ചുനോക്കി. അതുപോലെ ഓരോ കുട്ടികളും തമ്മിൽ അവരുടെ ഭക്ഷണം കൈമാറി. ഓരോന്നിനും മാർക്ക് കൊടുക്കാൻ അധ്യാപകർക്കു കഴിഞ്ഞില്ല. എന്തെന്നാൽ ഒന്നിനൊന്ന് മെച്ചമായിരുന്നു ഓരോ ഭക്ഷണപദാർത്ഥങ്ങളും. ഇതിന് കൊണ്ടുവന്ന ഭക്ഷണപദാർത്ഥങ്ങൾ:

- കുമ്പിളപ്പം
- ഇലയട
- കൊഴുക്കട്ട
- കപ്പ പുട്ട്
- വാഴപ്പൂതോരൻ
- മുളയരിപായസം
- അവിൽ പായസം
- കുഞ്ഞിപ്പിടി
- മധുരക്കറി



ആരോഗ്യം നിലനിർത്താൻ നല്ല ഭക്ഷണം ആവശ്യമാണ്. ഭക്ഷണത്തിലെ ഔഷധഗുണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നല്ല ഭക്ഷണം നിർണയിക്കുന്നത്. ആഹാരം മിതവും സമീകൃതവുമായിരിക്കണം. ഭക്ഷണത്തിലെ ജീവകങ്ങളോ, ഔഷധഗുണമോ ഗണ്യമായി കുറയുമ്പോൾ മനുഷ്യർ രോഗങ്ങൾക്ക് അടിമപ്പെടുകയും ആയുസ്സു കുറയുകയും ചെയ്യുന്നു.

നാം സാധാരണയായി കണ്ടുവരുന്ന ഔഷധഗുണമുള്ള ഭക്ഷണപദാർത്ഥങ്ങളാണ് നമ്മുടെ ഫുഡ് ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആഹാരത്തെ ഔഷധമായി കണക്കാക്കി ആഹാരക്രമം ചിട്ടപ്പെടുത്താൻ എല്ലാവരും ശ്രമിക്കണം.

റിപ്പോർട്ട്

# മാവേലി തമ്പുരാനെ വരവേറ്റ് ഓണാഘോഷം



Prajitha.R
II[nd] year

9.9.2016 ഓണാഘോഷത്തിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥിനികളും 8.30 മണിക്ക് ഐ.ടി.ഇ.യിൽ എത്തി. കേരളീയ വേഷമാണു എല്ലാ വിദ്യാർത്ഥിനികളും അണിഞ്ഞിരുന്നത്. വീടുകളിൽ നിന്നും ശേഖരിച്ച പ്രകൃതിദത്തമായ പൂക്കളും, ഇലകളും ഉപയോഗിച്ച് അതിമനോഹരമായ പൂക്കളമാണ് ഐ.ടി.ഇ.യിൽ എല്ലാ വിദ്യാർത്ഥിനികളും ചേർന്നൊരുക്കിയത്. ഒന്നാംവർഷ വിദ്യാർത്ഥിനിയായ അഞ്ജിത മാവേലിയുടെ വേഷം അണിഞ്ഞ് എല്ലാവരെയും വരവേൽക്കുകയുണ്ടായി. ചില വിദ്യാർത്ഥിനികൾ മാവേലിയോട് കുശലന്വേഷണം നടത്തി. ആശംസാ പ്രസംഗത്തിനായി മോഹൻ സാറെ ക്ഷണിച്ചു. ഓണത്തെക്കുറിച്ചും ഓണസദ്യയ്ക്കു നാം ആശ്രയിക്കുന്നത് അന്യ സംസ്ഥാനങ്ങളെയാണ്.  വിഷ പച്ചക്കറി നാം വിലകൊടുത്തു വാങ്ങുന്നു. ഈ പ്രവണത മാറണമെന്നും നാം ഇവിടെ കാർഷിക വിഭവങ്ങൾ ഉണ്ടാകണം എന്നും സാർ ആശംസാ പ്രസംഗത്തിൽ പറഞ്ഞു. കനകമണി ടീച്ചർ ഓണാഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു.

ഓണം കേരളീയരുടെ ദേശീയ ഉത്സവമാണെന്നും കാർഷിക സംസ്കാരത്തിന്റെ ഉടമകളാണ് നാം എന്നും ലോകമെമ്പാടുമുള്ള മലയാളികൾ ഓണം ആഘോഷിക്കുന്നു എന്നും സോമൻ സാർ ആശംസാപ്രസംഗത്തിൽ പറഞ്ഞു. ജയലക്ഷ്മി ടീച്ചർ എല്ലാ വിദ്യാർത്ഥിനികൾക്കും ഓണാസംസകൾ നേർന്നു. തുടർന്ന് വിവിധ കലാപരിപാടികൾ നടന്നു. നാടൻപാട്ട്, വഞ്ചിപ്പാട്ട്, ഓണപ്പാട്ട് എന്നീ ഇനങ്ങളുണ്ടായിരുന്നു. പ്രജിത.ആർ, അഞ്ജനഗോപി ഓണത്തെക്കുറിച്ച് പ്രസംഗം അവതരിപ്പിച്ചു. ഒന്നാം വർഷ വിദ്യാർത്ഥിനികളും രണ്ടാംവർഷ വിദ്യാർത്ഥിനികളുടെ തിരുവാതിരക്കളിയുണ്ടായിരുന്നു. വിഭവസമൃദ്ധമായ ഓണസദ്യയ്ക്കുശേഷം ഗ്രൗണ്ട് ഇനമത്സരങ്ങൾക്കു തുടക്കം ഇട്ടു. ‘സുന്ദരിക്കു പൊട്ടുതൊടൽ, നാരങ്ങ സ്പൂൺ, മ്യൂസിക്ക് ചെയർ, തീറ്റമത്സരം എന്നീ ഇനങ്ങളിൽ ഒന്നാംവർഷ വിദ്യാർത്ഥിനികളും രണ്ടാംവർഷ വിദ്യാർത്ഥിനികളും മാറ്റുരച്ചു. മോഹൻസാർ, സോമൻ സാർ എന്നിവരുടെ നേതൃത്വത്തിലാണ് മത്സര ഇനങ്ങൾ നടന്നത്. ഓരോ വിദ്യാർത്ഥിനികളിലും ഓണാഘോഷപരിപാടി എന്നും ഓർക്കാനുള്ള പുതു അനുഭവമായി മാറി...



# അധ്യാപനം ഒരു കലയാണ്

"അറിവും അനുഭവവും പങ്കുവയ്ക്കുന്ന ശ്രേഷ്ഠമായ കലയാണ് അധ്യാപനം"



സോണിയ. സി.
D.Ed. 2nd year

അതെ, എന്റെ കാഴ്ച്ചപ്പാടിൽ അധ്യാപനം ഒരു തൊഴിലിനുമുപരി ഒരു സേവനമാണ് മഹത്തായ സേവനം. ആ സേവനം സമൂഹത്തിന് നൽകണമെങ്കിൽ ജന്മസിദ്ധമായ ഒരു കഴിവ് അധ്യാപകന്റെ ഉള്ളിലുണ്ടായിരിക്കണം. സംഗീതംപോലെ നൃത്തംപോലെ അധ്യാപനവും ഒരു കലതന്നെയാണ്. എത്ര അറിവ് ആർജിച്ചിട്ടുണ്ടെങ്കിലും ആ അറിവ് പങ്കുവെയ്ക്കാൻ എല്ലാ അധ്യാപകനും സാധിക്കണമെന്നില്ല. താൻ നേടിയ അറിവുകളെ അനുഭവങ്ങളാക്കി ആ അനുഭവങ്ങളാണ് പുതിയ തലമുറയ്ക്കായി പകർന്നുകൊടുക്കേണ്ടത്.

ജന്മംതന്ന മാതാപിതാക്കൾ കഴിഞ്ഞാൽ അടുത്ത സ്ഥാനം അധ്യാപകനാണ്. എന്തുകൊണ്ടെന്നാൽ ഈ ഭൂമിയിൽ നന്മയുള്ള മനുഷ്യരായി ജീവിക്കാൻ പ്രാപ്തനാക്കുന്ന വലിയ ചുമതല അധ്യാപകനാണുള്ളത്. അതിനായി എന്നും തനിക്ക് ചുറ്റുമുള്ള പ്രപഞ്ചത്തെ ഒരു ഗവേഷകനെന്നപോലെ വീക്ഷിച്ചുകൊണ്ടേയിരിക്കണം. നേടിയ അറിവുകൾ പകർന്നുകൊടുക്കുന്നതിലുപരി ആ അറിവുകളെ അനുഭവങ്ങളാക്കി മാറ്റി കുട്ടി സ്വയം അറിവ് നേടാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് അധ്യാപകന്റെ പ്രധാനചുമതല.


അളവിലുമധികം അറിവുള്ളതുകൊണ്ടു മാത്രം അധ്യാപകനാവണമെന്നില്ല. സമൂഹം ആഗ്രഹിക്കുന്ന ഒരുപാട് ഗുണവിശേഷങ്ങളാൽ സമ്പന്നമായിരിക്കണം അധ്യാപകൻ. നല്ല പെരുമാറ്റ ശീലങ്ങളും സംസ്കാര സമ്പന്നമായ സ്വഭാവവും അധ്യാപകനിൽ ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ അത്തരമൊരു സമൂഹത്തെ വാർത്തെടുക്കാനുള്ള യോഗ്യത അധ്യാപകനുണ്ടാവൂ.

മറ്റേതൊരു തൊഴിലിനേയും അപേക്ഷിച്ച് വലിയൊരു സ്ഥാനം സമൂഹത്തിൽ അധ്യാപനത്തിനുണ്ട്. തൊഴിലിൽനിന്നും വിരമിച്ചതിനുശേഷവും ആ തൊഴിലിന്റെ മാഹാത്മ്യം അധ്യാപകനെതുടർന്നുകൊണ്ടേയിരിക്കുന്നു. സമൂഹം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായി എന്നും നിലകൊള്ളുന്നു.

ഒരു അധ്യാപകനെ വിദ്യാർത്ഥിയായ ഞാൻ നല്ലൊരു അധ്യാപകയാവാൻ ഇനിയും ഒരുപാടൊരുപാട് പരിശ്രമിക്കേണ്ടിയിരിക്കുന്നു എന്ന തിരിച്ചറിവോടെ...



# ഗണിതപഠനം എങ്ങനെ ലളിതമാക്കാം?







**പി.വി.ജയലക്ഷ്മി**
**ടീച്ചർ എഡ്യൂക്കേറ്റർ**

INSPIRE THE LEARNER

"യഥാശിഖാ മയൂരാണാം
നാഗാനാം മണയോ തഥാ
തദ്വദ് വേദാംഗ ശാസ്ത്രാണാം
ഗണിതം മൂർദ്ധനിസ്ഥിതം"

വേദാംഗജ്യോതിഷത്തിലെ ഈ വരികളിലൂടെ ഗണിതത്തിന്റെ പ്രാധാന്യം വളരെ വ്യക്തമാണ്.

ഗണിതം സർവ്വവ്യാപിയാണ്. പ്രകൃതിയിൽ ഗണിതമില്ലാതെ എന്തെങ്കിലും നമുക്ക് കണ്ടെത്താനാകുമോ? "ഇല്ല" എന്നുതന്നെ പറയാം. പ്രകൃതി ഇത്രയെല്ലാം ഗണിതമയമായിട്ടും പലർക്കും ഗണിതം അലർജിയാണ്. എന്തുകൊണ്ടാണിങ്ങനെസംഭവിക്കുന്നത്? ഉത്തരം കണ്ടെത്താനുള്ള ബാദ്ധ്യത നമുക്കെല്ലാവർക്കും തന്നെയുണ്ട്.




ഗണിതത്തിന്റെ അമൂർത്തത, ഗണിതം കുട്ടികളിൽനിന്നുമകലുന്നതിന്റെ ഒരു പ്രധാനകാരണമാണ്. ഗണിതത്തിലെ അമൂർത്തമായ ആശയങ്ങളിൽ പലതും യാന്ത്രികമായ ഗണിതക്രിയകളിലൂടെ അവതരിപ്പിക്കുന്നത് ഗണിതത്തോടുള്ള അകലം കൂട്ടുന്നു.

ഗണിതത്തിലെ പല പ്രധാനആശയങ്ങളുടേയും തുടക്കംതന്നെ പ്രായോഗിക ജീവിതവുമായി വളരെ അടുത്തതാണ്. നമ്മുടെ ക്ലാസ്സുകളിൽ ഇത്തരത്തിലുള്ള ആശയങ്ങളെ പ്രായോഗിക ജീവിതവുമായി ബന്ധിപ്പിക്കാതെ വെറും ആവർത്തനഅഭ്യാസങ്ങളിലൂടെയും യാന്ത്രികമായ ഗണിതക്രിയകളിലൂടെയും അവതരിപ്പിക്കാൻ ശ്രമിക്കുന്നതും ഗണിതപഠനം വിരസമാക്കുന്നു.

ഗണിതത്തിന്റെ സ്വഭാവ സവിശേഷതകളായ അമൂർത്തത, കൃത്യത, സൂക്ഷ്മത, വേഗത ഇവ ഉൾക്കൊള്ളുന്നരീതിയിലും ഒപ്പം തന്നെ ഗണിതപഠനം രസകരമാക്കുകയും ചെയ്താൽ ഗണിതത്തിൽ ഉയർന്ന നിലവാരത്തിലെത്താൻ നമുക്കാകും.

പ്രൈമറിതലത്തിൽ ഗണിതത്തിലെ അമൂർത്ത ആശയങ്ങളെ കഴിയുന്നതും മൂർത്തമാക്കി തന്നെ വേണം അവതരണം നടത്താൻ. ഒരു പരിധിവരെ അതിനു കഴിയുന്ന രീതിയിൽ തന്നെയാണ് നമ്മുടെ പാഠപുസ്തകങ്ങളിലെ അവതരണവും പ്രൈമറിതലത്തിൽ അത്തരത്തിൽ തന്നെ അവതരണം നടത്തുകയും ഒപ്പം സെക്കന്ററിതലത്തിലെ ഗണിതം കുട്ടികൾക്ക് വിരസമാകാത്ത വിധത്തിൽ അവതരണം നടത്തുകയും വേണം. ഗണിതാശയങ്ങൾക്കൊപ്പം അവയുടെ ചരിത്രപരമായ പ്രാധാന്യവും കുട്ടികളിലെത്തിക്കണം. ഗണിത പ്രഹേളികകൾ, കളികൾ, മാന്ത്രിക ചതുരങ്ങൾ തുടങ്ങി ഗണിത താല്പര്യം വർദ്ധിപ്പിക്കുന്ന ധാരാളം പ്രവർത്തനങ്ങൾ ഗണിതക്ലാസ്സുകളിൽ ഉൾപ്പെടുത്തണം. വിവരസാങ്കേതികവിദ്യയുടെ സഹായം നമ്മുടെ ക്ലാസ്സുകളിൽ പരമാവധി പ്രയോജനപ്പെടുത്തണം.

ഗണിതത്തിന്റെ അന്ത:സത്ത ഉൾക്കൊള്ളുകയും ഗണിതത്തെ രസകരമായും താൽപര്യത്തോടെയും സമീപിക്കുകയും ചെയ്താൽ ഗണിതം നമുക്കു സുഹൃത്തും വഴികാട്ടിയുമാകും. തീർച്ച...

GOVT. INSTITUTE OF TEACHER EDUCATION (W) PALAKKAD

INSPIRE THE LEARNER



# ചില പരിസ്ഥിതിദിനചിന്തകൾ

സോമസുന്ദരൻ.ബി.
ടീച്ചർ എഡ്യുക്കേറ്റർ




ജൂൺ 5 ലോക പരിസ്ഥിതിദിനം. ലോകമെമ്പാടുമുള്ള പരിസ്ഥിതി സ്നേഹികൾ ഈ ദിനം വളരെ നന്നായി ആചരിക്കുകയുണ്ടായി. "മനുഷ്യനെപ്രകൃതിയുമായി കണ്ണി ചേർക്കുക" എന്നതായിരുന്നുവല്ലോ ഈ വർഷത്തെ പരിസ്ഥിതിദിനസന്ദേശം. എന്നാൽ മനുഷ്യൻ പരിണാമ പ്രക്രിയയിലെ ഇങ്ങേയറ്റത്തെ കണ്ണിയാണ്. അതുകൊണ്ടു തന്നെ അവർക്കാണ് പ്രകൃതിയെ ശാസ്ത്രീയമായി സംരക്ഷിക്കുന്നിന് ഏറ്റവും കൂടുതൽ ഉത്തരവാദിത്വമുള്ളത്. പക്ഷെ, പരിസ്ഥിതി അവബോധത്തിന്റെ പരിമിതിയും സാങ്കേതികവിദ്യയുടെ വൻ വളർച്ചയും 1980-കളിൽ തുടങ്ങിയ ആഗോളവത്കരണ - ഉദാരവത്കരണനയങ്ങളും ലോകത്തിന്റെ തന്നെ പരിസ്ഥിതിക്ക് മേൽ വൻ സമ്മർദ്ദം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും കേരളത്തിലും ഇതിന്റെ തുടർചലനങ്ങൾ വീക്ഷിക്കാനാവും. ഇതിന്റെ പ്രധാനകാരണം വികസനമെന്നാൽ നമ്മുടെ രാഷ്ട്രീയ ആസൂത്രിക വൃന്ദം കാണുന്നത് മനുഷ്യരെ മാത്രമായതിനാലാണ്. മറിച്ച് മനുഷ്യരെ നിലനിർത്തുന്ന ജൈവ-അജൈവ ഘടകങ്ങളെയല്ല. അതുകൊണ്ടാണ് വിവിധ ഖനന(മണൽ, മണ്ണ്, ക്വാറി) നിർമ്മാണ (ഡാം) പ്രവർത്തനങ്ങൾക്കും എതിരായി തെളിവുകളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി സ്നേഹികൾ പ്രതികരിക്കുമ്പോൾ അവരെ ജനവിരുദ്ധർ വികസനവിരോധികൾ എന്നീ പേരുകളിൽ ചിത്രീകരിക്കുന്നത്. പരിസ്ഥിതിയെ സംരക്ഷിച്ചില്ലെങ്കിൽ സ്ഥായിയായ വികസനം - സുസ്ഥിര വികസനം സാധ്യമല്ലെന്ന് എല്ലാ പഠനങ്ങളും കണ്ടെത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ പരിസ്ഥിതിദിനം കേവലം ഒറ്റദിവസത്തെ പ്രകടനമാക്കി ഒതുക്കാതെ വർഷം മുഴുവൻ ഉണർന്നിരുന്നു പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. പരിസ്ഥിതിസംരക്ഷണത്തിന്റെ ആശയം കൂടുതൽ വ്യാപിപ്പിക്കാനും നമ്മുടെ മുൻ തലമുറ നമ്മെ ഏൽപ്പിച്ച ഈ ഭൂമി അടുത്ത തലമുറയിലേക്ക് ഒരു പോറലുമേൽക്കാതെ കൈമാറാനും ഈ പ്രവർത്തനങ്ങൾ നമ്മെ സഹായിക്കും.

ഈ ഒരു പശ്ചാത്തലത്തിൽ വേണം കേരള സർക്കാറിന്റെ ഒരുകോടി വൃക്ഷത്തൈകൾ നടാനും സംരക്ഷിക്കാനുമുള്ള തീരുമാനത്തെ നോക്കികാണാൻ കേരളം എന്നത് ദൈവത്തിന്റെ സ്വന്തം നാടായത്. ഇവിടെ കുറേ ആരാധനാലയങ്ങൾ ഉള്ളതുകൊണ്ടല്ല, മറിച്ച് പശ്ചിമഘട്ടവും വനങ്ങളും നദികളും കായലും കടലും വയലുകളും തീർത്ത ജൈവവൈവിധ്യം നിലനിൽക്കുന്നതുകൊണ്ടാണ്. ഈ ജൈവ വൈവിധ്യങ്ങളുടെ മൂല്യം അളക്കാൻ കഴിയുന്നതിലുപരിയാണ്. കഴിഞ്ഞ വേനലിൽ ഉണ്ടായ കൊടും വരൾച്ച ജൈവവൈവിധ്യ ശോഷണത്തിന്റെ സൂചനയാണ് തരുന്നത്. അത് മരുഭൂമിവൽക്കരണത്തിലേക്കുള്ള ചൂണ്ടുപലകയാണ്. ഇത് കാണാതെപോയാൽ കൊടും വിപത്തായിരിക്കും. വരുംതലമുറയെ കാത്തിരിക്കുക.

ഒരു കാര്യം നമുക്ക് മറക്കാതിരിക്കാം. നമ്മുടെ ആവാസവ്യവസ്ഥകൾ എല്ലാംതന്നെ അമൂല്യമാണ്. അവ അടുത്ത തലമുറക്കുവേണ്ടി എന്നത് മാത്രമല്ല, നമ്മുടെ തുടർന്നുള്ള നിലനിൽപ്പിനും സംരക്ഷിക്കപ്പെടേണ്ട ഉത്തരവാദിത്വം നമ്മുടേത് മാത്രമാണ്. ആ ഉത്തരവാദിത്വം നിറവേറ്റാൻ നമ്മളാൽ കഴിയുന്നത് നമുക്ക് ഇന്ന് തന്നെ ചെയ്ത് തുടങ്ങാം. അതിനായി നമുക്ക് പ്രകൃതിയുമായി കണ്ണിചേരാം.

# ഞങ്ങളുടെ ഐ.ടി.ഇ.



ദീപിക.ബി.

പാലക്കാട് ജില്ലയിൽ ബ്രിട്ടീഷ് ഭരണകാലം മുതൽ പ്രവർത്തിച്ചുവരുന്ന അധ്യാപക പരിശീലനകേന്ദ്രമാണ് ഗവ. ഐ.ടി.ഇ. 1923-ലാണ് ഈ സ്ഥാപനം സ്ഥാപിതമായത്. ആദ്യകാലത്ത് ബി.ടി.എസ്. കുമരപുരം എന്ന പേരിലാണ് അറിയപ്പെട്ടത്. 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സ്വതന്ത്ര്യലബ്ധിക്ക് മുൻപ് പത്താംതരം പാസ്സായ വിദ്യാർത്ഥികൾക്ക് എലിമെന്ററി അദ്ധ്യാപക പരിശീലനം നൽകുന്നതിനുവേണ്ടിയാണ് ഈ സ്ഥാപനം ആരംഭിച്ചിരുന്നത്.

1995ൽ NCTE നിലവിൽവന്നതോടുകൂടി രാജ്യത്തെ എല്ലാ അധ്യാപക പരിശീലനകേന്ദ്രങ്ങളുടേയും പേരുകൾ മാറി. ഇപ്പോൾ ഗവ. ഐ.ടി.ഇ. പാലക്കാട്, കുമരപുരം എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. NCTEയുടെ നിബന്ധനകൾക്കനുസരിച്ചുള്ള അടിസ്ഥാനസൗകര്യങ്ങൾ ഈ സ്ഥാപനത്തിൽ കുറവാണ്. എന്നിരുന്നാലും വരാന്തയോടുകൂടിയ വലിയ ഒരു ഹാളും ക്ലാസ്സ്മുറിയുടെ സൗകര്യമുള്ള ഒരു കെട്ടിടവും ഒരു ഓഫീസ് കെട്ടിടവും കമ്പ്യൂട്ടർ ലാബ് അടക്കം മറ്റു ലാബുകളും പ്രവർത്തിച്ചുവരുന്ന ഒരു കെട്ടിടവുമാണ് ഈ സ്ഥാപനത്തിലുള്ളത്. വലിയ ഹാളിലാണ് ക്ലാസ്സുകൾ നടക്കുന്നത്. ആ ഹാളിൽതന്നെയാണ് സ്റ്റാഫ്റൂം പ്രവർത്തിച്ചുവരുന്നത്. രണ്ടുമുറികളുള്ള ചെറിയ കെട്ടിടത്തിൽ െ ലെബ്രറിയും െ റക്കോർഡ്റ ൂമും ( പവർത്തിച്ചുവരുന്നു.എ ം.പി.ഫണ്ടിൽന ിർമ്മിച്ച െ കട്ടിടത്തിലാണ് സൈക്കോളജി ലാബും മറ്റു ലാബുകളും പ്രവർത്തിച്ചുവരുന്നത്. റഫറൻസിനും മറ്റുമായി ധാരാളം പുസ്തകങ്ങൾ ലൈബ്രറിയിലുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് 4 കമ്പ്യൂട്ടർ പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. സ്ഥലവിസ്തൃതിയും ആവശ്യമായ സൗകര്യങ്ങൾ കുറവാണെങ്കിലും എല്ലാ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഗവ. ഐ.ടി.ഇ.യിൽ ലഭ്യമാണ്. നല്ല നിലയിൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു.






By
Aiswarya.S



By
Anjana Gopi



By
Prajitha.R




*By*
*Diljith*



*By*
*Anjana Gopi*



*By*
*Bini Jacob*



By
Roshni.B



By
Fayisa.P.M